The State Flag.

273. **MR. RAMA VARMA RAJA** (*Edavagai*): Will the Government be pleased to state:

(*a*) whether there is an officially recognised State Flag;

(*b*) if so, its design; and

(*c*) whether it has been published in the *Gazette* for the information of the public?

MR. K. GEORGE (*Chief Secretary to Government*). (*a*) There is no single flag officially recognised as the State Flag.

(*b*) and (*c*) In view of the answer to part (*a*), these questions do not arise.

MR. RAMA VARMA RAJA (*Edavagai*) In part (*a*) the answer given is :

"There is no single flag officially recognised as the State Flag."

ഇവിടെ ഫ്ളാഗ്സ് പലതുമുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): There are three flags now in use.

MR. RAMA VARMA RAJA (*Edavagai*): അവ ഏതെല്ലാമാണ്?

MR. K. GEORGE (*Chief Secretary to Government*): One is at the Kanakakkunnu Palace, another at the Guest House and the third is taken during processions. Government have not come to any conclusion as to which particular flag should be considered as the State Flag.

MR. RAMA VARMA RAJA (*Edavagai*): ഇതിൽ ഏതാണ് സ്റ്റേറ്റ് ഫ്ളാഗ് എന്ന നിശ്ചയിക്കാത്തതുകൊണ്ട് പല ഉപദ്രവങ്ങളുമുണ്ടെന്നറിയാമൊ?

MR. K. GEORGE (*Chief Secretary to Government*): The matter is under consideration.

VOTHING OF DEMANDS FOR GRANTS.

DEMAND IV—MEDICAL DEPARTMENT. ETC.

DR. K. RAMAN TAMPI (*Inspecting Medical Officer*): Sir, I rise to move for a grant not exceeding Rs. 7,37,775, under Demand IV—Medical Department, including Public Health, grants to Allopathic Medical institutions and scholarships for the study of European Medicines.

Motion No. 177.

MR. TARIATU KUNJITOMMON (*Commerce and Industry, North*): മെഡിക്കൽ ഓർഡിലെ എസ്റ്റാബ്ലിഷ്മെന്റിലേക്കു അനുവദിച്ചിട്ടുള്ള ൻ,ഫന്റ ത്രുപായിൽനിന്നു ഒ ത്രുപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം, ഈ ഡിപ്പാർട്ടുമെന്റിന്റെ പൊതുഭരണനയത്തെപറ്റി വിമർശിക്കാനാണ്. ഇതിലെ ഭരണനയം ജനങ്ങൾക്കു പൊതുവിൽ ഉപദ്രകരവും, ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman]

ന്റിന്റെ വ്യയം, വ്യർത്ഥമാക്കുന്നതുകൊണ്ടും, സാധുജനങ്ങൾക്കു ഉപയോഗശൂന്യവുമാണെന്നു് ഈ കൌൺസിലിൽനിന്നുതന്നെ സ്ഥാപിച്ചു് ഒരു ഉപക്ഷേപം പാസാക്കി മെഡിക്കൽബോർഡു നിറുത്തണമെന്നു ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): എസ്റ്റാബ്ലിഷ്മെൻറു് ഇനത്തിൽ പൊതുനയം വരുന്നതെങ്ങനെയാണു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മിസ്റ്റർ രാഘവയ്യായുടെകാലത്തു എസ്റ്റാബ്ലിഷ്മെൻറുമോഷനിൽ ഡിപ്പാർട്ടുമെൻറിന്റെ പൊതുനയത്തെപ്പറ്റി വിമർശിക്കാറുണ്ടായിരുന്നു. അതിനുശേഷമുള്ള ദിവാൻ മി: സുബ്രഹ്മണ്യയ്യർ ഇങ്ങനെയുള്ള മോഷനിൽ പൊതുനയത്തെപ്പറ്റി വിമർശിക്കാൻ പാടില്ലെന്നു ഒരു റൂളിങ്ങ് ഉണ്ടാക്കിയെങ്കിലും പിന്നീടു അതു് അദ്ദേഹംതന്നെ ഭേദപ്പെടുത്തുകയാണു ചെയ്തതു്. ഞാൻ ഈ കൌൺസിലിലെ പഴയ ഒരു മെംബറാണു്. ആ പഴയരീതി അനുസരിച്ചു ഞാൻ ഇതുംകൊണ്ടുവന്നു എന്നെയുള്ളൂ. അതിൽ ഈ സംഗതിപറയാൻ പാടില്ലെങ്കിൽ ഞാനിരുന്നേക്കാം.

PRESIDENT: Is the member proposing to speak on the general policy?

MR. KAYALAM PARAMESVARAN PILLAI (*Additionl Head Sirkar Vakil*): Yes. That is what he says.

PRESIDENT: He cannot speak on the general policy

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): മുമ്പു പ്ലാൻറു് റെസ്യൂഡിപ്പാർട്ടുമെൻറു വിമർശനത്തിനുവന്നപ്പോൾ, കമ്മിഷണർ ആഫീസിലിരുന്നു ശരിയായി ജോലിചെയ്യാത്തതു കൊണ്ടാണു് ഉദ്യോഗങ്ങൾ ശരിയായി ലഭിക്കാത്തതു എന്നു പറഞ്ഞു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതുതന്നെയാണു ഞാൻ ഇവിടെയും പറയാൻ പോകുന്നതു്

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങനെയുള്ളതു പറയാം. പൊതുഭരണനയത്തെ വിമർശിക്കാൻ പാടില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ആഫീസിലിരുന്നു കാര്യങ്ങൾ ശരിയായിനടത്താത്തതു കൊണ്ടാണു് ഈ കുഴപ്പങ്ങളെല്ലാം വന്നുചേരുന്നതു് എന്നു തന്നെയാണു് ഇവിടെയും എനിക്കു സ്ഥാപിക്കാനുള്ളതു്. പായിൻറു വിട്ടുഞാൻ സംസാരിക്കുന്നില്ല. മേലധികാരികൾ ശരിയായികാര്യങ്ങൾ നടത്താത്തതാണു് ഈ കുഴപ്പങ്ങൾക്കു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഈ കൌൺസിലിൽ നിന്നതന്നെ മെഡിക്കൽബോർഡു നിറുത്തേണ്ടതാണെന്നു് ഒരു ഉപക്ഷേപം പാസാക്കി. എന്നിട്ടും ഗവണ്മെൻറു് അതു നിറുത്താതെ വച്ചുകൊണ്ടിരിക്കുകയാണു്. ഈ ബോർഡിൻെറ ഭരണവൈകല്യത്തിൻെറ ഫലമായി ആശുപത്രികളിലൊക്കെ രോഗത്തിനുവിലപറഞ്ഞൊ, അല്ലെങ്കിൽ രോഗികളുടെ സ്ഥിതിയനുസരിച്ചുള്ള വില നിശ്ചയിച്ചൊ, ചികിത്സിക്കുന്ന ഒരു സമ്പ്രദായമാണിപ്പോൾ നടക്കുന്നതു്. ഇൻഫ്ലുവൻസാ, മലേറിയാ, തുടങ്ങിയുള്ള രോഗത്തിനു് ഇന്നതരത്തിലുള്ള ഫീസു് എന്നൊ, അല്ലെങ്കിൽ ഇന്ന ആൾക്കു് ഇന്നതരത്തിലുള്ള ഫീസു്, എന്നൊ ഉള്ള തരത്തിൽ വിലനിശ്ചയിച്ചു ചികിത്സിക്കുന്ന ഈ സമ്പ്രദായം ഒരു വ്യാപാരം പോലെ ആക്കിത്തീർന്നിട്ടുണ്ടു്. ഇതു ഭയങ്കരമായ അനീതിയല്ലെ? ഏഴ്പലക്ഷത്തിൽ പരം രൂപാ ചെലവുചെയ്യുന്ന ഈ വകുപ്പു സാധുജനങ്ങൾക്കു് ഉപയോഗമില്ലാത്ത തരത്തിലായിട്ടുണ്ടു്. അതിൻെറ ഭരണവൈകല്യം കൊണ്ടു കഷ്ടതകളും, പീഡകളും, അനുഭവിച്ചുവരുന്ന നിരാശ്രയരായ ജനങ്ങൾക്കു യാതൊരു പ്രയോജനവുമില്ല. ധനവാന്മാക്കു് ഈ ആശുപത്രി അല്ലാതെ മറ്റുവിധത്തിൽ ചികത്സിപ്പിക്കാവുന്ന സ്ഥാപനങ്ങളിൽ ചെന്നു ചികിത്സിപ്പിച്ചു രക്ഷ നേടാം. എന്നാൽ സാധുജനങ്ങൾക്കാണു ഇതു കൊണ്ടു് ഉപയോഗപ്പെടേണ്ടതു്. അവക്കാണു് ഉപയോഗമില്ലാത്തതും, ഈ വിധത്തിൽ രാജ്യത്തിൽ പൊതുവെ അതൃപ്തിവന്നതുകൊണ്ടാണു്, ഈ ബോർഡിൻെറ ഭരണം നന്നല്ലെന്നും, അതു നിറുത്തേണ്ടതാണെന്നും ഈ ജനപ്രതിനിധി സഭതന്നെ ഒരു ഉപക്ഷേപം പാസാക്കിയതു്.

ബോർഡു നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ചുനോക്കിയാൽ അതു് ഇതിനെക്കാളും കഷ്ടാവസ്ഥയിലാണു്. അതു പറയുമ്പോൾ ഞാൻ വർഗ്ഗീയകാര്യങ്ങളെപ്പറ്റി പറയുന്നു എന്നും മറ്റും തോന്നുമായിരിക്കാം. രത്നകമ്പളം വിരിച്ചു സുഖമായി ഇരിക്കുന്നവക്കു് അസ്വസ്ഥതയില്ല. എന്നാൽ സൂചിയുടെ മുനയിൽ നിൽക്കുന്നവക്കു് അസ്വസ്ഥതയുള്ളതു മറ്റവർക്കു ശരിയായി അനുഭവപ്പെടാനും പ്രയാസം. പബ്ലിക്കു സർവ്വീസിൽ ഞങ്ങൾക്കു പ്രാതിനിധ്യമില്ലെന്നു് അസമത്വസമുദായക്കാർ പറയുന്നതിനുള്ള കാരണങ്ങൾ തന്നെയാണു് ഈ വകുപ്പിനെ സംബന്ധിച്ചു അസമത്വ സമുദായക്കാർക്കു പറയുവാനുള്ളതു്. ഈ ബോർഡിൻെറ നിയമനം വളരെ വർഗ്ഗീയപക്ഷപാതപരമായിട്ടാണു് ഇരിക്കുന്നതു്. ഈ കൌൺസിലിൽതന്നെ പല ചോദ്യങ്ങളും ചോദിച്ചിട്ടും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kujitomman.]

അവയ്ക്കു മിക്കതിനും മറുപടി തന്നെയില്ല. ഇങ്ങനെയുള്ള അവസരത്തിൽ കണക്ക് ഉദ്ധരിക്കാൻ വളരെ പ്രയാസമാണ്. ഈ വകുപ്പിലെ എന്നല്ല ഏതുവകുപ്പിലെയും നിയമനങ്ങളുടെ പട്ടിക ചോദിക്കുമ്പോൾ, ഏതവസരത്തിൽ അതുകിട്ടണമെന്നു, ആ അവസരത്തിലോ അല്ലെങ്കിൽ അതിനുമുൻപോ അതു തരാറില്ല. എന്നാൽ ക്ലാ ൦ മുതൽ ക്ലാ ൦ വരെയുള്ള നിയമനങ്ങളുടെ ഒരു കണക്കു കഴിഞ്ഞ മേടമാസത്തിൽ നടന്ന കൌൺസിലിൽ വച്ചുതന്നിട്ടുണ്ട്. അതു ലോവർഗ്രേഡ് ആഫീസേർസിന്റെ വിവരം കാണിക്കുന്ന കണക്കു മാത്രമാണ്. ഇതിൽ ആകെ ഈ നിയമനങ്ങൾ നടന്നിട്ടുള്ളതിൽ, നായർസു ക്ലാ ൨-൦, ബ്രാമിൻസ് ൫-൦, ഇഴവാസ് ക്ലാ ൦-൦ ഉണ്ട്. എന്നാൽ ഒരു വലിയ ജനവിഭാഗം അടങ്ങിയ കത്തോലിക്കാ ക്രിസ്ത്യാനികൾ ആറുപേരത്തോളം വരുന്നു. റോമാസിറിയൻസിൽപ്പെട്ട ഒരാൾപോലുമില്ല; ഒരുപ്യൂൺപോലുമില്ല ക്ലാ ൦ ൧-മേടം ക്ലർ-ൽ-തന്നെ ഉത്തരത്തിലാണ് ഈ കണക്കുകൾ കാണുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*) : ലാറിൻറൈറ് ക്രിസ്ത്യാനികൾ എത്രയുണ്ട്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അഞ്ചുപേരുണ്ട്. മറുകത്തോലിക്കരല്ലാത്ത ക്രിസ്ത്യാനികൾ പത്തു പേരുമുണ്ട്.

MR. K. KUNJUKRISHNA PILLAI (*Quilon*) : ഡിപ്രസ്ഡ് ക്ലാസിൽ ഉൾപ്പെട്ട ക്രിസ്ത്യാനികൾ എത്രയുണ്ട്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ആകപ്പാടെ ഈ വകുപ്പിൽ പതിനാറു ക്രിസ്ത്യാനികൾക്കു ഉദ്യോഗം കൊടുത്തിട്ടുണ്ട്. എന്നാൽ കത്തോലിക്കാ സിറിയൻ ക്രിസ്ത്യാനികളിൽ ഉൾപ്പെട്ട ഒരാളിനു പോലും ഉദ്യോഗം കൊടുത്തിട്ടില്ല.

MR. P. S. MAHOMED (*Nominated*) : മുസ്ലീങ്ങൾ ആകപ്പാടെ എത്രയുണ്ട്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒരാളുണ്ട്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmis*): ആകപ്പാടെ നംപൂതിരിമാർ എത്രയുണ്ട്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): നംപൂതിരിമാരുടെ ഇടയിൽനിന്നു് ഒരുത്തരുമില്ല. കേരളത്തിലെ ജന്മിമാർ പ്യൂൺജോലിതുടങ്ങിയ താഴ്ന്നജോലികൾക്കൊ അല്ലെങ്കിൽ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

അന്തഃജ്ജനങ്ങൾ നർസിന്റെയൊ മിഡ്‌വൈഫിന്റെയൊ ജോലിക്കൊ അപേക്ഷിച്ചു കാണാത്തതുകൊണ്ടായിരിക്കാം നംപൂതിരിമാരുടെ എണ്ണം ഇതിൽ കാണാത്തത്. ഞാൻ ഇവിടെ വായിക്കുന്നതു താഴ്ന്ന തരം ഉദ്യോഗങ്ങളുടെ പട്ടികയാണ്. (ഗ്യാലറിയിൽ തുടരെ ചിരി).

PRESIDENT : There is too much noise from the gallery. If silence is not maintained in the gallery it will be cleared.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഈ നിയമനങ്ങളുടെ പട്ടികയിൽ ഒരു വമ്പിച്ച ജനവിഭാഗമായ കത്തോലിക്കാ സിറിയൻസമുദായത്തിലുംപ്പെട്ട ഒരാൾപോലുമില്ല. ഇതു് ആക്ഷേപകരമല്ലെ എന്നു ചൂണ്ടികാണിച്ചു പറയുമ്പോൾ ഞാൻ വർഗ്ഗീയ സ്പർദ്ധയുണ്ടാക്കാനാണ് ഇങ്ങനെ പറയുന്നതെന്നുള്ള ഒരു ദോഷാരോപണം ചിലർ ചെയ്യുക്കാം. എന്നാൽ ഈ ആക്ഷേപം പുറപ്പെടുവിക്കുന്നവർ ഇന്നു ധാരാളം ഉദ്യോഗങ്ങൾ കിട്ടിസമാധാനമായി കഴിച്ചുകൂട്ടുന്നവരാണ്. നികുതികൊടുക്കുന്ന മറുജനവിഭാഗങ്ങളുടെ അവകാശം തരെ അവഗണിക്കപ്പെടുമ്പോൾ അതു ശരിയല്ലെന്നു ചൂണ്ടിക്കാണിക്കയും അതിലേക്കുവേണ്ട പരിഹാരം വരുത്തണമെന്നു് ആശ്യപ്പെടുകയും ചെയ്യുന്നതു വർഗ്ഗീയസ്പർദ്ധയുണ്ടാക്കാനാണെന്നു് ആക്ഷേപിക്കുന്നതു് എത്രയൊ കഷ്ടമാണു്. "ഓരോരുത്തക്കു വേണ്ടി എല്ലാവരും; എല്ലാവർക്കും വേണ്ടി ഒരോരുത്തനും" എന്നുള്ള രാഷ്ട്രീയതത്വത്തെ അടിസ്ഥാനമാക്കി ഈ വാദത്തെ ആക്ഷേപിക്കുവാൻ ആർക്കും പാടില്ല.

ഉദ്യോഗനിയമനവിഷയത്തിൽതന്നെ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി ഇങ്ങനെയാണെങ്കിൽ അവരുടെ മറുദ്യോഗകൃത്യങ്ങളിലുള്ള പ്രവൃത്തി എങ്ങനെയിരിക്കും? ഇതിനെക്കാൾ എത്രയൊ ആക്ഷേപകരമായിരിക്കും.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*) : കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽ ഒരു കത്തോലിക്കനെ നിയമിച്ചിട്ടുണ്ടെന്നുള്ള സംഗതി മെമ്പർക്കറിയാമൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒരാളിനെ നിയമിച്ചിട്ടുണ്ട്.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*) : കത്തോലിക്കനായി ഒരാളുമില്ലെന്നല്ലെ മെമ്പർ ഇപ്പോൾ പറഞ്ഞതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഞാൻ ഇവിടെ വായിച്ച ലിസ്റ്റ് മനസ്സിലാക്കാതെയാണു മെമ്പർ ചോദ്യംചോദിക്കുന്നതു്. ഞാൻ വായിച്ചതു ലോവർഗ്രേഡ് ആഫീസർമാരുടെ ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ണക്കാണ്. ഇപ്പോൾ കൊല്ലത്തുനിയമിച്ചിട്ടുള്ളയാളിന്റെ ഉദ്യോഗം ഈ വകുപ്പിൽ ഉൾപ്പെട്ടതല്ല. ഇനി അദ്ദേഹത്തെപ്പറ്റിതന്നെ പറയുകയാണെങ്കിൽ ഇന്ന് ഇവിടത്തെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ പാസായിട്ടുള്ളതിൽനിന്നും കൂടുതലായ പരീക്ഷായോഗ്യത സമ്പാദിച്ചിട്ടുള്ള ഒരാളാണ് അദ്ദേഹം. എന്നാൽ അദ്ദേഹത്തിനു കൊടുത്തിട്ടുള്ള സ്ഥാനം സബ്ബ് അസിസ്റ്റൻറ് സർജൻറേതുമാണ്. വേറെ ഏതെങ്കിലും ഒരു സമുദായത്തിൽപെട്ടയാളായിരുന്നു എങ്കിൽ എത്രയോ കൂടുതൽ ശമ്പളത്തിൽ നിയമിക്കുമായിരുന്നു. ഈ മാതിരി ആക്ഷേപയോഗ്യമായി നടത്തുന്നനിയമനങ്ങളെതടഞ്ഞു ന്യായമായവിധത്തിലുള്ള നിയമനങ്ങൾ നടത്തേണ്ടതാണ്.

MR. A. THANU PILLAI (*Trivandrum*): ഏതു തരത്തിലുള്ള ഉദ്യോഗങ്ങളിലാണു കത്തോലിക്ക് സമുദായത്തിൽനിന്നു ആളുകളില്ലാത്തത്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പല തരത്തിലുള്ള ഉദ്യോഗങ്ങളിലുമില്ല. അതൊക്കെ ഞാൻ വായിച്ച ലിസ്റ്റിലുണ്ട്, അതായതു, നർസസ്, മിഡ്വൈവ്സ്, പ്ലൂൺസ് തുടങ്ങിയുള്ള ഉദ്യോഗങ്ങളാണ് അതു്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Legitimately coming under this motion, there is a very grave matter which requires the attention of the whole House. We have not yet been supplied with the *Administration Report* of the department for the year 1106 and so we are not in a position to say anything about the activities of the department. There is not only one head for the department but there are three heads. Still they could not find time to prepare the *Administration Report*. This is the way in which the Medical Department has been functioning; and the Government have been allowing all these three persons to be indolent. I am sure that every member of this House will vote for the abolition of the Board on this ground alone. With these words, I support the motion.

MR. P. S. MAHOMED (*Nominated*): സർ, മെഡിക്കൽ ബോർഡുനിരുത്തണമെന്നുള്ള സംഗതി പല സന്ദർഭങ്ങളിലും ഈ കൌൺസിലിന്റെ ആലോചനക്കും വിമർശനത്തിനും വിഷയീഭവിക്കയും ഒടുവിൽ അതു നിർത്തേണ്ടതാണെന്നു് ഈ കൌൺസിലിൽതന്നെ ഒരുപക്ഷേപം, പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നും ഈ ബോർഡു തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. മെഡിക്കൽബോർഡിലുള്ള രണ്ടു് ഉദ്യോഗസ്ഥമെമ്പർമാരുടെ സീനിയാറിട്ടി ഗവൺമെൻറിനു ഇതുവരെ നിശ്ചയിക്കാൻ കഴിയാത്തതാണ് ഇതിനുകാരണമെന്നാണു ഞാൻ വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): അതല്ല കാരണമെന്ത മെമ്പക്കറിയാമൊ?

MR. P. S. MAHOMED (*Nominated*): അതാണ കാരണമെന്നാണ ഞാൻ മനസ്സിലാക്കിയിരിക്കുന്നത .

MR. K. P. NILAKANTA PILLAI (*Chirayinkil*): I want to seek one information. Naturally, we are put to great difficulty on account of the way in which cut motions are admitted. Many of us have tabled motions with a particular view. The policy of the Medical Department is being discussed under a cut motion under estab'ishment. A ruling has to be given, not only for the guidance of this session but for future sessions also, as to the admissibility of such discussion. Certain rules were being followed, and it is in pursuance of those rules that we have sent cut motions. It has not been the practice hitherto to discuss the policy of departments on cut motions under specific heads like establishment. Now that is being to allowed. I want to have a ruling whether we are allowed to speak on the policy of the department under this motion.

PRESIDENT: Strictly speaking it should not be done, I agree. But, I see later on there is a motion urging the necessity for the abolition of the Medical Board. In order to make the position clear, I think the best course would be to allow the discussion under this motion. I hope members will confine to the question of the abolition of the Board in discussing this motion.

MR. P. S. MAHOMED (*Nominated*): എന്നാൽ ഗവണ്മെൻറിന് ഇങ്ങനെയുള്ള വിഷമങ്ങളിൽനിന്നും വിരമിക്കേണ്ട സന്ദർഭമായിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. അങ്ങനെയിരിക്കെ ഇതു വീണ്ടും തുടൻകൊണ്ടുപോകത്തക്കവണ്ണം അടുത്തയാണ്ടത്തെ ബഡ്ജറിലും ഇതിലേക്കുള്ള ചിലവു ചേത്തിരിക്കുന്നതു ഞങ്ങളുടെ ഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കണമെന്നുള്ള ഉദ്ദേശമല്ലെ? ചില ആളുകളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയൊ അല്ലെങ്കിൽ ചിലർതമ്മിലുള്ള സീനിയാറിട്ടി നിശ്ചയിക്കുന്നതിനുള്ള വിഷമംകൊണ്ടൊ ആയിരിക്കാം ഗവണ്മെൻറ് ഈ ബോർഡു തുടൻകൊണ്ടുപോകണമെന്നു പറയുന്നതു് എന്നാണു ഞങ്ങൾ വിചാരിക്കുന്നതു്.

MR. A. THANU PILLAI (*Trivandrum*): മെമ്പർ ഞങ്ങൾ എൻപറഞ്ഞതു് ആരെ ഉദ്ദേശിച്ചാണു്?

MR. P. S. MAHOMED (*Nominated*): എന്നെയും എന്നോടുചേരുന്നമറുള്ളവരെയും ഉദ്ദേശിച്ചാണു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മെമ്പർ പ്രതിനിധീകരിക്കുന്ന സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായം ഈ ബോർഡു നിറുത്തണമെന്നല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): അതെ.

അതിനാൽ ഈ രണ്ടുദ്യോഗസ്ഥന്മാരുടെ സീനിയാറ്റി കണ്ടുപിടിക്കുന്നതിൽ ഗവണ്മെൻറിന് ഒരു പ്രയാസവുമില്ല. ഈ ബോർഡു ജനങ്ങൾക്കാവശ്യമില്ലെന്നു പറയുന്നു. ആ സ്ഥിതിക്ക് ഇതു് ഫ ഫ ഠ വ്യ-ാ മാണ്ടിൽ വച്ചുകൊണ്ടിരിക്കാതെ നിറുത്തൽചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. രണ്ടു മൂന്നുപേർ ഒന്നിച്ചിരുന്നു ഭരിക്കുന്നതല്ലെ നല്ലതെന്നു ചോദിച്ചാൽ ഇതിൽപരം ഒരുപായം വരാനില്ലെന്നാണ് ഈ ബോർഡു നമ്മെ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു്. ബോർഡുഭരണം തുടങ്ങിയാൽ എഫിഷ്യൻസി ഒരിക്കലുമുണ്ടാവുകയില്ല. ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ സക്കീട്ടുചെയ്യുവല്ല ഉദ്യോഗസ്ഥന്മാരുടെയും മേൽ വീഴ്ച കണ്ടുപിടിച്ചാൽ മറ്റുള്ള രണ്ടു മെമ്പർമാരുടെ സമ്മതംക്രൂടിനോക്കിവേണമല്ലൊ അയാളെ ശിക്ഷിക്കാൻ എന്നുള്ള ഒരു വിചാരംകൊണ്ടു് അദ്ദേഹം കുറെക്കാരെ ശരിയായി ശിക്ഷിച്ചില്ല എന്നു വരാം; അതുപോലെതന്നെ ഇൻസ്പെക്ടിംഗ് ആഫീസർ എന്തുതന്നെചെയ്താലും, ബോർഡിലുള്ള മറ്റു രണ്ടംഗങ്ങളുടെയും സഹായം സമ്പാദിച്ചാൽ എന്തഴിമതിയും കാണിക്കാമല്ലൊ എന്നുള്ള ഒരു ധൈര്യം കീഴുദ്യോഗസ്ഥന്മാർക്കുണ്ടാകാം; ഇതിനുപുറമെ സക്കീട്ടിങ്ങ് ആഫീസർ മുഖാന്തരമാണല്ലൊ വീഴ്ച കണ്ടുപിടിക്കുന്നതു്; അതിനാൽ അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയാൽ മതി എന്നുള്ള ഒരു വിചാരം കീഴുദ്യോഗസ്ഥന്മാർക്കുണ്ടാകാം; ഇങ്ങനെ ഇതെല്ലാം വന്നവസാനിക്കുന്നതു കീഴ് സിൽബന്ധികളുടെ അഴിമതികളെ പ്രോത്സാഹിപ്പിക്കുന്നതുപോലെ നിലയിലാണ്. ഇങ്ങനെ ആർക്കുമാർക്കും ഉത്തരവാദിത്വമില്ലാത്ത ഈ ബോർഡിനെ ഇനിയെങ്കിലും നിർത്തരുതോ?

ചിലസ്ഥലങ്ങളിൽ കക്ഷി മത്സരങ്ങളുണ്ടാക്കുന്നതു മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ചില കീഴുദ്യോഗസ്ഥന്മാരാണ്. അവരെ ആ സ്ഥലങ്ങളിൽനിന്നും മാറ്റികിട്ടണമെന്നു ഭൂരിപക്ഷം ആളുകൾ ആഗ്രഹിച്ചാൽപോലും സാധിക്കുന്നില്ല.

സാധുജനങ്ങൾക്ക് ആശുപത്രിയിൽ കയറാൻ നിവൃത്തിയില്ല; അതായതു, പണം കൊടുക്കാതെ ഡാക്ടർ തിരിഞ്ഞുപോലും നോക്കുകയില്ല. ഇതനുഭവമാണ്.

MR. K. MADHAVAN PILLAI (*Trivandrum cum Neduvankad*): അങ്ങനെ പണം വാങ്ങിക്കുന്നതായി ഒരുദാഹരണമെങ്കിലും പറയാമൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒരു മെഡിക്കലാഫീസർ പണംചോദിച്ചു വാങ്ങിച്ചു എന്നുള്ളതു തെളിയിക്കാൻ സാധ്യമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): ഉദ്യോഗസ്ഥന്മാർ പണംവാങ്ങിക്കുന്നതിനെ സംബന്ധിച്ചു പറഞ്ഞതിന്റെ ഫലം മി: വട്ടപ്പറമ്പിൽ രാമൻപിള്ള അനുഭവിച്ചതു് എല്ലാപേർക്കും അറിയാം. അതിനാൽ ഞാൻ അതിനെസംബന്ധിച്ചു പറയുന്നില്ല. എന്നാൽ ഇതിനെപ്പറ്റി സങ്കീട്ടവരുന്ന മേലധികാരിയൊട്ട പരാതിപറഞ്ഞാൽ അദ്ദേഹം അയാളെ ക്രൂരതൽപണം വാങ്ങിക്കുന്നതിനു ധൈര്യപ്പെടുത്തുകയല്ലാതെ പൊതുജനങ്ങളുടെ പരാതിക്കുവേണ്ട പരിഹാരമുണ്ടാക്കുന്നില്ല. അതു് അദ്ദേഹത്തിന്റെ കുറ്റമല്ല. അദ്ദേഹം കുറ്റക്കാരെ ശിക്ഷിച്ചാൽ ഒരുപക്ഷേ ബോർഡു അതു മാറുകയാണെങ്കിൽ തനിക്കഭിമാനക്ഷയമാണല്ലൊ എന്നു വിചാരിച്ചു് അദ്ദേഹം അടങ്ങിയിരിക്കയാണു ചെയ്യുന്നതു്.

ഇതുയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I too support the motion very strongly. I myself have tabled a motion for this specific purpose, and I thought I could move that motion in its appropriate place; but now that the President has allowed this specific issue to be discussed under this motion, I shall offer what I have to say here. Sir, I think no long arguments are necessary to support the motion that the Board should be abolished. This question has been threshed on the floor of this House more than once. And once it was carried unanimously. It has been brought to the notice of the House how inefficient and costly is this Board that is now being tried in our State. Further, there is this fact that no parallel exists anywhere else. Neither in British India nor in other Indian States do we find such a Board. My complaint is not against the persons constituting the Board but against the system, which is a unique experiment. With these remarks, I support the motion.

MR. K. GEORGE (*Chief Secretary to Government*): Sir, the discussion here turns on the question of the abolition of the Board. I may inform the House that Government have decided to abolish the Board shortly.

MR. A. THANU PILLAI (*Trivandrum*): May I know the grounds on which Government have now decided like that?

MR. K. GEORGE (*Chief Secretary to Government*): The Board was constituted as an experimental measure. After giving it sufficient time Government think that the old arrangement, of having a single officer as the head, would be better.

MR. A. THANU PILLAI (*Trivandrum*): Are the Government convinced that the Board has been a failure?

MR. K. GEORGE (*Chief Secretary to Government*): I would not condemn the Board in that wholesale fashion. The Board has functioned fairly well, but Government think that it would be better to revert to the old arrangement.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): Is it the approaching retirement of Dr. Raman Tampi that has induced the Government to abolish the Board?

MR. K. GEORGE (*Chief Secretary to Government*): It is not that alone. Government propose to take advantage of that pending retirement also.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): What is it that actuated Government to try this experiment of a Board?

MR. K. GEORGE (*Chief Secretary to Government*): That is an old question that has been discussed threadbare in this House.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I want to know the circumstances that induced Government to constitute the Board.

MR. K. GEORGE (*Chief Secretary to Government*): Government wanted to try whether a Board, with two officers of Government and also a non-official, would not work more efficiently than a single officer.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Has it now been realised that it is a failure?

MR. K. GEORGE (*Chief Secretary to Government*): No. As I have already stated, Government now consider that the old arrangement would be better.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഈ ബോർഡുനിറുത്തിയാൽ, ശസ്ത്രക്രിയക്കുസമർത്ഥനും, ഉദ്യോഗനിയമന വിഷയത്തിൽ എല്ലാവശ്ശക്കാരോടും സമഭാവനയോടുകൂടി പ്രവർത്തിക്കുന്നവനുമായ ഒരു യൂറോപ്യനെതന്നെ ഈ ഡിപ്പാർട്ടുമെൻറിൻറ മേധാവിയായി നിയമിക്കുമോ?

MR. K. GEORGE (*Chief Secretary to Government*): No promise of the kind, that a European officer would be appointed, can be held out.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഈ ബോർഡു നിറുത്താമെന്നു ഗവൺമെൻറുഭാഗത്തുനിന്നും പറയുന്നതു കൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിന് അനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Motion No 178.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): സർ, ഇൻസ്പെക്ഷറിംഗ് മെഡിക്കലാഫീസറുടെ സഞ്ചാരപ്പടിക്കുള്ള ൫,൦൦൦ രൂപായിൽ നിന്നും ൪ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ശരിയായി സഞ്ചരിക്കയൊ ഓരൊ ആശുപത്രികളിലും കിടക്കുന്ന രോഗികളെ കാണുകയൊ ചെയ്തിരുന്നാൽ ചില ആശുപത്രികളിലുള്ള സ്ഥലക്കുറവു മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): I rise to a point of order. In view of the announcement that we are not going to have an Inspecting Medical Officer any longer, I wish to know whether this motion is in order.

PRESIDENT: That was not the announcement. The announcement was that there would be no Board.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): പെരുമ്പാവൂർ ആശുപത്രിയിൽ പതിനഞ്ചൊ ഇരുപതൊ രോഗികൾ കിടപ്പുണ്ട്. എന്നാൽ അവിടെ ആകെ രോഗികളെ കിടത്തുന്നതിനു മൂന്നുമുറിയെയുള്ളു. ടൈഫായിഡ്, ന്യൂമോണിയാ, തുടങ്ങിയുള്ള രോഗബാധിതരും, മുറിവേറ്റുകിടക്കുന്നവരുമായ രോഗികളെ ഒന്നിച്ചു ഒരേമുറിയിൽതന്നെ കിടത്തിയിരിക്കുന്നതുകൊണ്ടു പല ദോഷങ്ങളും ഉണ്ടാകുന്നുണ്ട്; അതായതു്, ഈ രോഗികളുടെ കൂട്ടത്തിൽതന്നെ മുറിവേറവരെയും ഇട്ടിരിക്കുന്നതുകൊണ്ടു, അവരുടെ മുറിവു എളുപ്പത്തിൽ ഭേദമാകാതെ പനി പകർന്നു, ഭയങ്കരമായ നിലയിൽ അധികപ്പെട്ടാണു കണ്ടുവരുന്നതു്. ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ സക്കീട്ടചെയ്തു ഇതു കണ്ടിരുന്നാൽ ഇതിലേക്കു ഒരു പരിഹാരമാർഗ്ഗം അദ്ദേഹത്തിനു വരുത്താൻ കഴിയുമായിരുന്നു. അദ്ദേഹം അതു ചെയ്യുന്നില്ല.

ഇനിപട്ടണങ്ങളുടെകഥ പറഞ്ഞാൽ ഇതിനെക്കാൾഭയങ്കരമാണു്. ആലുവായിൽ ജനങ്ങൾ തിങ്ങിപാർക്കുന്നസ്ഥലത്താണു മസൂരി ആശുപത്രിസ്ഥാപിച്ചിട്ടുള്ളതു്. അതുമാറുന്നതിനെ സംബന്ധിച്ചു് എത്രയൊ പരാതി ഉണ്ടായിട്ടും, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊരന്വേഷണവും നടത്തിയിട്ടില്ല. ഈ ആശുപത്രി അവിടെയുള്ളതുകൊണ്ടു പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും ജനങ്ങൾക്കു വരുന്നുണ്ടു്.

ഇൻസ്പെക്ടിംഗ്മെഡിക്കലാഫീസർ ശരിയായി യാത്രചെയ്തിരുന്നെങ്കിൽ കുറുപ്പുംപടി ഡിസ്പെൻസറി നിറുത്തേണ്ട ആവശ്യം വരികയില്ലായിരുന്നു. ദീനക്കാരുടെ സംഖ്യവർദ്ധിച്ചുവരുന്നു എന്നും, അതുകൊണ്ടു കുറുപ്പുംപടിയിൽ ഒരാശുപത്രി സ്ഥാപിച്ചു തരണമെന്നും വളരെക്കാലം പരാതി പറഞ്ഞതിന്റെ ഫലമായി സ്ഥാപിച്ചതന്ന ആ ആശുപത്രി കഴിഞ്ഞ കൊല്ലത്തിൽ നിറുത്തുകയാണു ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ആ ആശുപത്രിനിറുത്തുന്നതിനുള്ള കാരണമെന്താണു്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അന്നു അവിടെയുണ്ടായിരുന്ന ഡാക്ടർക്കു് ഏതൊ ഒരു വ്യക്തിയൊടു വിരോധമുണ്ടായിരുന്നു. ആ ഡാക്ടരുടെ ശുപാർശയനുസരിച്ചാണു അതു നിറുത്തൽചെയ്തതു്. ഈ ഡിസ്പെൻസറിക്കുവേണ്ട സാമാനങ്ങളും കെട്ടിടങ്ങളും ആയിരത്തിനുമേൽ രൂപാ ചിലവുചെയ്തു പൊതുജങ്ങളാണുണ്ടാക്കികൊടുത്തിട്ടുള്ളതു്. എന്നാൽ അതു നിറുത്തുന്നകാലത്തു് അവരൊടു ആലോചിക്കയൊ, ഇതു നിറുത്തൽ ചെയ്യുന്നവിഷയത്തിലുള്ള സങ്കടങ്ങളെ അറിയിക്കുന്നതിനുള്ള അവസരം അവർക്കു കൊടുക്കുകയൊ ചെയ്തിട്ടില്ല. ഞങ്ങൾ പണം ചിലവുചെയ്തുണ്ടാക്കിയ കെട്ടിടം ഇപ്പോൾ നിരുപയോഗമായികിടക്കുന്നു. ഡിസ്പെൻസറികെട്ടിടവും മരുന്നും ഉണ്ടാക്കിയതു അവിടെയുള്ള പള്ളിയിൽനിന്നും പണംകൊടുത്തതിനും പുറമെ ജനങ്ങളിൽനിന്നും ക്രടിപണം പിരിച്ചാണു്. ഇങ്ങനെ പണം പിരിച്ചു കെട്ടിടം ഉണ്ടാക്കുന്നതിനു മുമ്പതല വഹിച്ചിരുന്നയാളുകൾക്കു ഇപ്പോൾ ആശുപത്രിനിറുത്തിയതുനിമിത്തം വഴിയിൽക്രടി നടക്കാൻ വയ്യാതെ ആയിരിക്കുന്നു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പള്ളിയിൽനിന്നും പണംകൊടുത്തു എന്നു പറഞ്ഞില്ലൊ. അതു കൃസ്ത്യാനികളുടെ പള്ളിയാണൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അതെ, യാക്കോബായ സുറിയാനിക്കാരുടെ പള്ളിയാണു്.

ഈ ഡിസ്പെൻസറി നിറുത്തി എന്നറിഞ്ഞതുതന്നെ അവിടത്തെ ഡാക്ടർ പറഞ്ഞിട്ടാണു. ഡാക്ടർവരാത്തതിനുള്ള കാരണം ഒരു ദിവസം അദ്ദേഹത്തോടു ചോദിച്ചപ്പോൾ താൻ ഇനി ആ ആശുപത്രിയിൽ പോകേണ്ടെന്നു തനിക്കുത്തരവുള്ളതായി അദ്ദേഹം പറഞ്ഞു. അതിൽനിന്നാണു് ഇതു നിറുത്തൽ ചെയ്തിരിക്കുന്നതായി മനസ്സിലാക്കിയതു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഡാക്ടരൊഴിച്ചു ബാക്കിയുള്ളജോലിക്കാരെല്ലാം എന്തുചെയ്തു? അവരെയും പിരിച്ചുവിട്ടൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): കമ്പൌണ്ടർ തുടങ്ങിയുള്ള മറുജോലിക്കാരെല്ലാം പെരുമ്പാവൂർ ഡിസ്പെൻസറിയിൽ നിന്നും വരികയായിരുന്നു; ഒരു വാച്ചർ ഉണ്ടായിരുന്നു, അയാളെ പിരിച്ചു വിട്ടു, അല്ലാതെ അവിടെ പ്രത്യേകം സ്റ്റാഫില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : മരുന്നുകളൊക്കെ എന്തുചെയ്തു?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അതൊക്കെ എടുത്തുകൊണ്ടുപോയി. ഇതിനെപ്പറ്റി ആക്ഷേപിക്കാൻ ആരുമില്ലത്തതുകൊണ്ടാണ് ഗവണ്മെൻറു ഇതിലേക്കു ഇതു ധൈര്യപ്പെട്ടതു്. കോടനാട്ടു് ഇതുപോലെ ഒരു ഡിസ്പെൻസറിയുണ്ടു്. അവിടെ ഫ്രാൻസ്റു ഡിപ്പാർട്ടുമെൻറിലെ ചില സിൽബന്ധികൾ താമസിക്കുന്നതുകൊണ്ടു കൺസർവേറർ അവിടെ ഡിസ്പെൻസറിവേണമെന്നു എഴുതി അയച്ചതുകൊണ്ടാണു് അതു തുടൻകൊണ്ടുപോകുന്നതു. ആഴ്ചയിൽ രണ്ടു ദിവസം ഡാക്ടർ കോടനാട്ടുപോകണമെന്നാണു വച്ചിട്ടുള്ളതു. എന്നാൽ നല്ലതായി ഒരു മഴ പെയ്താൽ ഡാക്ടക്കു കോടനാട്ടുപോകാൻ സാധിക്കുകയില്ല. അതുകൊണ്ടു ആഴ്ചയിൽ രണ്ടുദിവസം ഡാക്ടർപോകണമെന്നുള്ളതു ഒരു ദിവസംതന്നെ പോകുമൊ എന്നുള്ളതു സംശയമാണു. അതിനുള്ള കാരണം മുമ്പു ഡാക്ടക്കു ഈ വകയ്ക്കുന്ന ൦ രൂപാ പടിയുണ്ടായിരുന്നു. ഇപ്പോൾ അതു് ഫ ൭ രൂപായാക്കി കുറച്ചതായിരിക്കണം. ഈ സ്ഥിതിക്കു ഇനി ഈരെ തിരിഞ്ഞുനോക്കുകയില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : കുറുപ്പംപടിയിൽ എത്രരോഗികളുണ്ടായിരുന്നു?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ധാരാളമുണ്ടായിരുന്നു. ഇക്കൊല്ലത്തെ റിപ്പോർട്ടു കിട്ടിയിട്ടില്ലെങ്കിലും കഴിഞ്ഞകൊല്ലത്തെ റിപ്പോട്ടുകൊണ്ടു അവിടെ ധാരാളം രോഗികൾ ഉണ്ടായിരുന്നു എന്നുകാണുന്നുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikaplli*): റിപ്പെയ്മെൻറിനുവേണ്ടിയാണൊ ആ ഡിസ്പെൻസറിനിറുത്തിയതു്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അല്ല. ഞാൻ മുൻപു പറഞ്ഞതുപോലെ അവിടത്തെ ഒരു വ്യക്തിയോടു ഡാക്ടർക്കു് വിരോധം ഉണ്ടായിരുന്നതുകൊണ്ടാണു് ഇതു നിറുത്തൽചെയ്തതു് എന്നാണു് എന്റെ അറിവു്.

MR. M. P. MADHAVAN PILLAI (*Tiruvalla*): ആ ഡാക്ടരുടെ പേരു പറയാമൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): പേരു ഞാൻ ഓർക്കുന്നില്ല. കഴിഞ്ഞകൊല്ലത്തിൽ ധാരാളം ആളുകൾക്കു മസൂരിവരികയുണ്ടായി. അവിടെ ഒരു മസൂരി ആശുപത്രിസ്ഥാപിയ്ക്കണമെന്നു ജന

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tarkan.]

ങ്ങും സങ്കടം പറകയും ചില അധികാരികൾ അവിടെവന്ന് പരിശോധിക്കയും ചെയ്തു. ജനങ്ങൾ ഇതിലേയ്ക്ക് സ്ഥലം കൊടുക്കാമെന്ന പറഞ്ഞിട്ടും അധികാരികൾ ഉദാസീനന്മാരായിട്ടാണ് കാണുന്നത്.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): എല്ലാജാതിക്കാർക്കും മസൂരി വരാറുണ്ടോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): എല്ലാ ജാതിക്കാർക്കും വരാറുണ്ട്. പറവൂരിൽ മസൂരിവരുമ്പോൾ ആലുവായ്ക്ക് കൊണ്ടുപൊയ്ക്കൊള്ളണമെന്നാണ് അധികാരികൾ പറയുന്നത്. ആലുവാ ആശുപത്രികൊണ്ടും പറവൂർ ജനങ്ങൾക്ക് പ്രയോജനമില്ല.

MR. K. P. MADHAVAN PILLAI (*Shertallai*): പറവൂർ ഹെൽത്ത് യൂണിറ്റ് തുടങ്ങിയാൽ ഇതിനു പരിഹാരം ഉണ്ടാകുമോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അതുകൊണ്ട് വലിയപ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഹെൽത്ത് യൂണിറ്റ് തുടങ്ങുന്നതിനെക്കാൾ അത്യാവശ്യവും പ്രയോജനകരവും ആയിട്ടുള്ളതു കുറുപ്പംപടിയിൽ സ്ഥാപിച്ചിരുന്നതുപോലെയുള്ള ആശുപത്രികൾ നാട്ടംപുറങ്ങളിൽ സ്ഥാപിച്ചുകൊടുക്കുന്നതല്ലെ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): തീർച്ചയായിട്ടും അങ്ങനെ സ്ഥാപിച്ചുകൊടുക്കുന്നതാണ് കൂടുതൽ പ്രയോജനകരം.

കഴിഞ്ഞവർഷം ആശുപത്രികൾ സ്ഥാപിക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ റൂറൽ ഡിസ്പെൻസറികൾ സ്ഥാപിച്ചതരാം എന്നൊക്കെ ഇൻസ്പെക്റ്റിംഗ് മെഡിക്കലാഫീസർ പറഞ്ഞു എങ്കിലും ഇതുവരെ ഇതിനെ സംബന്ധിച്ച് ഒരു നടപടിയും അദ്ദേഹം നടത്തിയിട്ടുള്ളതായി കാണുന്നില്ല. തിരുവിതാംകൂറിൽ നാട്ടംപുറങ്ങളിൽ താമസിക്കുന്നവർക്കു മെഡിക്കൽ സഹായം വേണ്ട എന്നാണൊ ഗവണ്മെൻറ് വിചാരിയ്ക്കുന്നത്? ഇതിലേയ്ക്ക് എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാകണം എന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): മി: കൊച്ചു കോരത്തരകൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ചില വ്യത്യസ്തതകളോടുകൂടി ഞാൻ അനുകൂലിക്കുന്നു. ഇന്നു തിരുവിതാംകൂറിലുള്ള ആശുപത്രികൾ സ്ത്രീകളുടെ ആവശ്യത്തിനു തീരെമതിയാകുന്നില്ലെന്നും, ഉള്ളതുതന്നെ നിരുപയോഗ്യമായനിലയിൽ ഇരിയ്ക്കുന്നു എന്നും ഈ സഭയിൽതന്നെ ഇതിനുമുൻപ് പലരും പ്രതിവാദിച്ചിട്ടുണ്ട്. തിരുവി

LIBRARY ARCHIVES Kerala Legislative Assembly

നന്തപുരംകഴിഞ്ഞാൽ സ്ത്രീകൾക്ക് ഏതാണ്ട് വൈദ്യസഹായം ലഭിയ്ക്കത്തക്കവണ്ണം ഉള്ള ഒരാശുപത്രി കൊല്ലത്തെയുള്ളൂ. മറ്റൊരു സ്ഥലത്തും സ്ത്രീകൾക്ക് സൗകര്യമായ ആശുപത്രികൾ ഇല്ല. മറ്റുള്ള ആശുപത്രികളിൽ ലേഡിഡാക്ടർമാരെ നിയമിയ്ക്കുകപോലും ഗവണ്മെൻറു ചെയ്യാത്തതു വളരെ പരിതാപകരമായ ഒരവസ്ഥയാണ്. ഓരോസ്ഥലങ്ങളിൽ ചികിത്സാർത്ഥം പോകുന്നതിനു സ്ത്രീകൾ മടിക്കുന്നുണ്ട്. പുരുഷന്മാരെക്കൊണ്ടു ചികിത്സിപ്പിക്ക എന്നുവരുമ്പോൾ സ്ത്രീസഹജമായ സങ്കോചം നിമിത്തം അവർ അതിനു വഴിപ്പെടാത്തതുകൊണ്ടു അവർക്ക് വൈദ്യസഹായം ശരിയായി ലഭിക്കുന്നില്ല. അതിനാൽ എല്ലാ ആശുപത്രികളിലും നിവൃത്തിയുള്ളിടത്തോളം സ്ത്രീ ഡാക്ടർമാരെ നിയമിക്കുന്നതു നന്നായിരിക്കും. ഇതു ഗവണ്മെൻറിനു അത്ര പ്രയാസമുള്ളതായ ഒരുകാര്യമല്ല. മിക്ക ആശുപത്രികളിലും കുറഞ്ഞതു രണ്ടും മൂന്നും ഡാക്ടർമാരുണ്ടായിരിക്കും. അതിൽ ഒരു ഡാക്ടർ സ്ത്രീയായിരിക്കണമെന്നു വച്ചാൽ ധാരാളം മതിയാകുന്നതാണ്. ഇതിനും പുറമെ കൊല്ലത്തും തിരുവനന്തപുരത്തും ഉള്ളതുപോലെ വടക്കൻ തിരുവിതാംകൂറിലും സ്ത്രീകൾക്കായിട്ടുമാത്രം ഒന്നുരണ്ട് ആശുപത്രികൾകൂടി സ്ഥാപിച്ചു കൊടുക്കുന്നതു സ്ത്രീകൾക്കു വലിയ സഹായമായിരിക്കും എന്നുള്ള അഭിപ്രായത്തെ ഞാൻ ഇവിടെ പ്രകടിപ്പിച്ചുകൊള്ളുന്നു.

ഈ വ്യത്യസ്തതയോടുകൂടി മിസ്റ്റർ കൊച്ചുകോരത്തരകൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

DR. K. RAMAN TAMPI (*Inspecting Medical officer*): Sir, Mr. Tarakan was speaking about the Perumbavur dispensary. I may inform the House that it is only recently that there has been an influx of in-patients in that dispensary and accommodation is not found sufficient. When I visited Perumbavur last time, I found that no suitable Government building was available there to locate the dispensary. The present building is the largest rented building available there. Government are aware that a larger building is necessary; and they are on the look out for such a building.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : സ്ഥലം വിലയ്ക്കു വാങ്ങിക്കേണ്ട ആവശ്യം ഇല്ലെന്നും ക്യാമ്പ്ഷെഡ്ഡിന്റെ മൻവശം ഗവണ്മെൻറു വക സ്ഥലം ഉണ്ടെന്നും മെമ്പർക്കറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : അതു് അന്വേഷണത്തിൽ ഇരിക്കയാണു്. ഗവണ്മെൻറുവക സ്ഥലം കിട്ടുകയാണെങ്കിൽ സ്ഥലം വിലയ്ക്കുവാങ്ങിയ്ക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇതു് അന്വേഷിക്കാൻ തുടങ്ങിയിട്ടെത്രനാളായി?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഞാൻ ഈയിടെയാണു് അവിടെ പോയിനോക്കിയതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതൊരു താലൂക്കിന്റെ തലസ്ഥാനമായതുകൊണ്ടു് അവിടെ ഒരു ഗവണ്മെൻറു കെട്ടിടം തന്നെ വേണമെന്നു് അഭിപ്രായമുണ്ടോ?

DR K. RAMAN TAMPI (*Inspecting Medical Officer*): ഉണ്ടു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇതെത്രയൊ മുൻപുതന്നെ അവിടെ ഒരു ഗവണ്മെൻറു കെട്ടിടം കെട്ടേണ്ടതായിരുന്നില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അവിടെ ശരിയായ ഒരു സ്ഥലം കിട്ടാത്തതുകൊണ്ടു് വാടക കെട്ടിടത്തിലാണു് ഇട്ടിരിക്കുന്നതു്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അവിടെ ഇൻപേഷ്യൻറ്സ് എത്രയുണ്ടു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഞാൻ നോക്കിയ ദിവസം പതിനേഴുപേർ ഉണ്ടായിരുന്നു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒന്നരലക്ഷത്തോളം ജനസംഖ്യയുള്ള ഒരു താലൂക്കിന്റെ തലസ്ഥാനമല്ലെ പെരുമ്പാവൂർ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ആയിരിക്കാം. ഞാൻ കഴിഞ്ഞ കൊല്ലത്തിൽ പെരുമ്പാവൂർ സന്ദർശിച്ചപ്പോൾ ഇരുപതും രോഗികൾ ആശുപത്രിയിൽ ഉണ്ടായിരുന്നു.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഫ ഫ o നു-ലെ പ്രജാസഭയിൽ ഇതിനെ സംബന്ധിച്ചു് ഞാൻ തന്നെ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം മെമ്പർക്കറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അന്നൊക്കെ ഈ ആശുപത്രിയ്ക്കു് വാടകക്കെട്ടിടം മതിയാകുമായിരുന്നു. അന്നു് അധികം രോഗികളും ഉണ്ടായിരുന്നില്ല. ഞാൻ ഒന്നു രണ്ടു തവണ അവിടെ പോയിനോക്കിയിട്ടുണ്ടു്.

ആലുവായിൽ മസൂരി ആശുപത്രി ജനങ്ങൾ തിങ്ങിക്കൂടിപാർക്കുന്ന സ്ഥലത്തു് സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു് ജനങ്ങൾക്കു ബുദ്ധിമു

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടെന്നു മി: തരകൻ പറകയുണ്ടായി. മസൂരി ആശുപത്രി അടുത്തു ള്ളതുകൊണ്ടു് മസൂരിവരണം എന്നു നിർബന്ധമില്ല.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ആലുവാസെൻറ മേരിസ്കൂളിൻെറ സമീപമാണു് മസൂരി ആശുപത്രി സ്ഥാപിച്ചിരിക്കുന്നതെന്നു മെമ്പക്കറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : എനിക്കറിയാം. കുറെ ദൂരെയായി സ്ഥലം കിട്ടുമെങ്കിൽ അതു മാറുകയും ചെയ്യാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഹൈസ്കൂൾ കെട്ടിടത്തിനടുത്തു ഈ ആശുപത്രി സ്ഥാപിച്ചതു് ശരിയാണൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : . ആട്ടം ആശുപത്രി ഒരു സ്ഥലത്തു സ്ഥാപിക്കും. അതിൻെറ അടുത്തുതന്നെ സ്കൂൾ അതിനുശേഷം കൊണ്ടുസ്ഥാപിക്കും. പിന്നീടു ഈ ആശുപത്രി അവിടെ ഇരിക്കുന്നതു വലിയ ഉപദ്രവമാണു്; അതുകൊണ്ടുഅതു മാറിത്തരണമെന്നു പറയും. ഇതു സഹജമാണു്.

MR. TARIATU KUNJITOMMAN (*Commerce and Industy, North*) : ഈ പള്ളിക്കൂടം അവിടെ വന്നിട്ടു ൨൦ വർഷത്തിനുമേലായി എന്നറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) ആലുവാ ആശുപത്രി സ്ഥാപിച്ചിട്ടും ൨൦ വർഷത്തിനുമേലായി.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മസൂരി ആശുപത്രി ആസ്കൂളിൻെറ സമീപത്തു നിന്നും മാറണമെന്നു സ്കൂൾ സ്ഥാപിച്ച ഉടനെതന്നെ പരാതിപറഞ്ഞിട്ടില്ലെ?

DR. K RAMAN TAMPI (*Inspecting Medical Officer*) : അപ്പോൾമെമ്പർതന്നെ ആശുപത്രി സ്ഥാപിച്ചശേഷമാണു് സ്കൂൾ സ്ഥാപിച്ചതെന്നും സമ്മതിക്കുന്നുണ്ടല്ലൊ. ഇങ്ങനെ ആശുപത്രിക്കടുത്തു പള്ളിക്കൂടം കൊണ്ടു സ്ഥാപിച്ചതിനുശേഷം ആശുപത്രി അവിടെ നിന്നും മാറണമെന്നു പറയുന്നതു് ശരിയല്ല.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*). ആശുപത്രി തുടങ്ങുന്നകാലത്തു അതൊരു മസൂരി ആശുപത്രിയായിട്ടു തന്നെയു ടങ്ങിയിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*). ഉണ്ട്. എന്നാൽ ചിലപ്പോൾ അടുത്തവീട്ടിൽ തന്നെ മസൂരിരോഗം വരാറില്ലെ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മസൂരിദീനം അടുത്തവീട്ടിലുള്ളതു്, അവിടങ്ങളിലുള്ള മസൂരിരോഗികളെയെല്ലാം കൊണ്ടു് പള്ളിക്കൂടത്തിനടുത്തു് ഒരു സ്ഥലത്തിട്ടിരിക്കുന്നതു് പോലെയാണൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതെല്ലാം ഒന്നുപോലെതന്നെ. ആശുപത്രിയിലാണെങ്കിൽ മസൂരി പകരാതിരിക്കുന്നതിനു വല്ലമാർഗ്ഗങ്ങളും ചെയ്യും; വീട്ടിലായാൽ അതു കാണുകയില്ല.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): മസൂരിയെപ്പറ്റി ജനങ്ങളുടെയിടയിൽ ഒരു ഭയമുണ്ടെന്നറിയാമൊ?

MR. K. KUNJUKRISHNA PILLAI (*Quilon*) : I rise to a point of order, Sir. The member generally speaks in English. But he now puts the question in Malayalam.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*) : I was only following some other members.

Does the member know that people have very great terror for small-pox?

DR. K. RAMAN TAMPI (*Inspecting Medical Officer*) : Not everywhere. If you go to Shencotta or South Travancore, you will find that, instead of having any terror for small-pox, they welcome it. They believe that they would be propitiating some God or Goddess by getting small-pox.

MR. K. P. ABRAHAM (*Muvattupuha* cum *Todupuzha*) : May I know where small-pox is welcomed?

DR. K. RAMAN TAMPI (*Inspecting Medical Officer*): In Shencotta and South Travancore, the Tamilians have no dread of it.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): Does the member know that that is not the case in North Travancore at any rate?

DR. K. RAMAN TAMPI (*Inspecting Medical officer*) : You allow your people to remain without taking sufficient precaution, and when they catch the disease you take them to hospitals for fear they may spread the contagion.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ആശുപത്രികളിൽ മസൂരിരോഗികളെ കൊണ്ടുപോകാൻ മടിക്കുന്നതു് ഡാക്ടർമാരുടെ ക്രൂരതയെ ഭയന്നിട്ടല്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അങ്ങനെയല്ല. ആശുപത്രിയിൽ കൊണ്ടുപോകാൻ മടിക്കുന്നതു ജനങ്ങളുടെ ക്രൂരതയാണു. സാധാരണ ജനങ്ങളം കള്ളുകുടിയന്മാരെ വച്ചാണു് മസൂരിരോഗികളെ ശുശ്രൂഷിക്കുന്നതു്; ആശുപത്രിയിൽ അങ്ങനെയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA TARAKAN (*Kunnatnad*): വടക്കൻ തിരുവിതാംകൂറിൽ കടിയന്മാരെ വച്ചല്ല ശ്രുശ്രൂഷിപ്പിക്കുന്നത്. മസൂരി ഉണ്ടായിട്ടുള്ള ആളുകളെയാണ ഏർപ്പെടുത്തുന്നത്?

DR. K. RAMAN TAMPI (*Inspecting Medical Officer*): മസൂരിരോഗം ഈ രാജ്യത്തു നിങ്ങാം എങ്ങനെ ശ്രുശ്രൂഷിക്കുന്ന എന്നുള്ളതു എനിക്കു നല്ലവണ്ണംഅറിയാം.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : 'നിങ്ങാം' എന്ന് ആരെ ഉദ്ദേശിച്ചാണ് മെമ്പർ പറഞ്ഞതു്.

DR. K. RAMAN TAMPI (*Inspecting Medical Officer*): തിരുവിതാംകൂറിലുള്ള പൊതുജനങ്ങളെ ഉദ്ദേശിച്ചാണ്, അല്ലാതെ പ്രത്യേകം ഒരു മെമ്പരെ ഉദ്ദേശിച്ചല്ല ഞാൻ പറഞ്ഞതു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : ജനപ്രതിനിധിയെ നോക്കി നിങ്ങാം എന്നു സംബോധന ചെയ്യുന്നതു തിരുവിതാംകൂറിലെ പൊതുജനങ്ങളെ ഉദ്ദേശിച്ചാണൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ഇംഗ്ലീഷിൽ ഞാൻ സംസാരിക്കയാണെങ്കിൽ ഭാഷ ശരിയായി ഉപയോഗിക്കുമായിരുന്നു. ഇടയ്ക്കു് ഇംഗ്ലീഷും ഇടക്കു മലയാളവും സംസാരിക്കേണ്ടതായിവരുന്നതുകൊണ്ടാണു തെറ്റിപ്പോകുന്നതു്. ലളിതമായിട്ടു സംസാരിക്കണമെങ്കിൽ സംസാരിക്കുന്ന ഭാഷ ഏതെങ്കിലും ഒരു ഭാഷയായിരിക്കണം. മെമ്പർ മലയാളത്തിൽ മാത്രമെ സംസാരിക്കുന്നുള്ളു. അതുകൊണ്ടു ആ ബുദ്ധിമുട്ടു വരികയില്ല.

DR. K. RAMAN TAMPI (*Inspecting Medical Officer*): Of course, I am quite prepared to speak in English. It is for the information of the mover that I am speaking in Malayalam.

As for the closing of the Kuruppampadikkal dispensary, I am informed that the place is only three miles from Perumbavur. There is plenty of bus service between these two places, and moreover, the cases to be treated at Kuruppampadikkal are not very serious. They are only trivial cases which could be easily treated at Perumbavur.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : വലിയ രോഗങ്ങാംവന്നാൽ കുറുപ്പംപടിക്കൽ ആശുപത്രിയിൽ ചികിത്സിക്കാതെ പെരുമ്പാവൂർ വരാൻ ഡാക്ടർ ആവശ്യപ്പെടുന്ന എന്നും ചില്ലറ രോഗങ്ങാംക്കു മാത്രമെ കുറുപ്പംപടിക്കൽ ആശുപത്രിയിൽ ചികത്സിക്കുന്നുള്ളു എന്നും മെമ്പക്കറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*) : ചികത്സിക്കുന്നതിനു കൂടുതൽ സൌകര്യം പെരുമ്പാവൂർ ആശുപത്രിയിലുണ്ട്. എന്നുമാത്രമല്ല കുറുപ്പംപടിക്കൽ നിന്നും മൂന്നു മൈലെ ദൂരവുമുള്ളു. ബസു സർവ്വീസ് എപ്പോഴും ഉള്ളതുകൊണ്ട് പെരുമ്പാവൂർ ആശുപത്രിക്കുപോകുന്നതിനു വിഷമമില്ല.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : റഗുലർ ബസ് സർവ്വീസ് അവിടെയില്ലെന്നറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ബസ്തന്നെ വേണമെന്നില്ല. നല്ല ലവൽറോഡായതുകൊണ്ട് വണ്ടിയിലായാലും വരാം.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): റോഡ് ചിലഭാഗം കയറ്റവും ചില ഭാഗം ഇറക്കവുമാണ് മൂന്നിൽ ചിലപ്പാനം മയിൽ ദൂരവുമുണ്ട്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : പെരുമ്പാവൂർ നിന്നും മൂന്നു മൈൽ കിഴക്കാണല്ലൊ കുറുപ്പംപടിക്കൽ. അവിടെനിന്നും എത്ര മയിൽ അകലെയാണ് അടുത്ത ആശുപത്രിയുള്ളതു്? അതായതു പെരുമ്പാവൂർനിന്നും ൧൨ മൈൽ അകലെയുള്ള കോതമംഗലം ആശുപത്രിയല്ലാതെ അതിന്റെ ഇടക്കു വേറെ ആശുപത്രിയുണ്ടൊ?

MR. A. THANU PILLAI (*Trivandrum*): May I know whether Neduvangad is not 12 miles from Trivandrum and whether there is any hospital between Trivandrum and Neduvangad. The distance from Trivandrum to Neyyattinkara is also 12 miles, and there is not a single hospital between these two places. Is there a hospital between Trivandrum and Chirayinkil, a distance of 25 miles ?

DR. K. RAMAN TAMPI (*Inspecting Medical Officer*): None.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : നെടുമങ്ങാടു തുടങ്ങിയ തെക്കൻതിരുവിതാംക്കൂർപോലെ ബസുസവ്വീസ് ധാരാളമുള്ള റോഡുകളും വടക്കൻതിരുവിതാംക്കൂറിലുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : നെടുമങ്ങാട്ട തെക്കൻതിരുവിതാംക്കൂറായി ഞങ്ങൾ വകവക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : പിന്നെ അതു വടക്കൻതിരുവിതാംക്കൂറാണൊ

DR. K. RAMAN TAMPI (*Inspecting Medical Officer*) : വടക്കൻ തിരുവിതാംക്കൂറുമല്ല; തെക്കൻ തിരുവിതാംക്കൂറുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): തിരുവനന്തപുരം ഡിവിഷനിലല്ലെ നെടുമങ്ങാട്?

DR. K. RAMAN TAMPI (*Inspecting Medical Officer*) : അതെ.

MR. K. GOPALAKRISHNA PILLAI (*Parur*): Was there not a petition from the people of Puthenchira for the opening of a dispensary there. How far is Puthenchira from the District Hospital, Parur?

DR. K. RAMAN TAMPI (*Inspecting Medical Officer*): 18 miles.

MR. K. GOPALAKRISHNA PILLAI (*Parur*): Has the Inspecting Medical Officer ever visited Puthenchira and satisfied himself about the necessity for a dispensary there?

DR. K. RAMAN TAMPI (*Inspecting Medical Officer*) : The Medical Board repeatedly recommended the opening of a dispensary at Puthenchira. But, owing to financial stringency, a dispensary could not be opened.

MR. K. GOPALAKRISHNA PILLAI (*Parur*): Puthenchira is a place inaccesible either by boat or by car. Is the member satisfied of the immediate neccessity for opening a dispensary there? Parur is far distant from Puthenchira than Kodanad is from Perumbavur.

DR. K. RAMAN TAMPI (*Inspecting Medical Officer*): The distance from Perumbavur to Kodanad is more than 7 miles. Besides many officers reside near Kodanad. A dispensary at Kodanad was therefore thought necessary.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : കുറുപ്പംപടിക്കൽ ആശുപത്രിയെക്കാൾ കോടനാടാശുപത്രി കൂടുതൽ രോഗികളെ ചികിത്സിച്ചുകൊണ്ടിരുന്നൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ബൈവീക്കിലിഡിസ്പെൻസറിയായ കോടനാട്ടാണ് അധികം രോഗികളെ ചികിത്സിച്ചുവരുന്നത്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : കുറുപ്പംപടിയിലെ മൂന്ന ദിവസത്തെ കണക്കും കോടനാട്ടിലെ രണ്ടു ദിവസത്തെ കണക്കുംകൂടി താരതമ്യപ്പെട്ടുത്തിനോക്കിയാൽ ഏതാണ് അധികം?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ആവറേജ് ബൈവീക്കിലിഡിസ്പെൻസറിയിലാണ കൂടുതൽ. കുറുപ്പംപടിക്കൽ മെഡിക്കലാഫീസർ പറഞ്ഞത് അവിടെ ചൊറിമുതലായ രോഗങ്ങളുള്ളവരെ വരുന്നുള്ളു. മറ്റു രോഗികളാരും വരുന്നില്ല എന്നാണ.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : വിഷമമുള്ള രോഗങ്ങൾ ചികത്സിക്കുന്നതിന പെരുമ്പാവൂരേക്ക വിളിച്ചുകൊണ്ടു പോകുന്നതുകൊണ്ടാണ് അവിടെ ചില്ലറരോഗങ്ങൾ മാത്രം ചികിത്സക്കുന്നതിന ഇടവന്നത്. കോടനാട്ടിന്റെ അക്കരയിൽ കൊച്ചി സക്കാർ വക ഒരു ഡിസ്പെൻസറി ഉണ്ടെന്നറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): അതിലേക്കു പുഴ കടക്കണമല്ലൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): തിരുവിതാംകൂറിന്റെ അതിർത്തിയല്ലെ കോടനാട്ട്? അവിടെയുള്ള പുഴ കടന്നാൽ അക്കരയുള്ള ആശുപത്രി കൊച്ചിരാജ്യംവകയല്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : അവിടെയും ചൊവീക്കലി ആശുപത്രിയെയുള്ളു.

MR. TARIATUKUNJITOMMAN (*Commerce and Industry North*): പെരുമ്പാവൂർ കഴിഞ്ഞാൽ പിന്നെ കോതമംഗലത്തെ ആശുപത്രിയെയുള്ളു എന്നറിയാമൊ?

DR. K RAMAN TAMPI (*Inspecting Medical Officer*) : ഇങ്ങനെ ഓരൊ സ്ഥലത്തും ആശുപത്രി കൊടുക്ക എന്നുള്ളതു സാദ്ധ്യമുള്ള കാര്യമല്ല.

പറവൂരുള്ള സ്മാംപാക്സ്ഷെഡിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. എന്നാൽ ശരിയായ ഒരു സ്ഥലംകിട്ടിയാൽ ആ ഷെഡ്മാറുന്നതിനു വിരോധമില്ല.

ഞാൻ കഴിഞ്ഞതവണ പറഞ്ഞതുപോലെ റൂറൽ ഡിസ്പെൻസറി സ്കീം അടുത്തുതന്നെ നടപ്പിൽവരുന്നതാണു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : May I know at what stage the Rural Dispensary Scheme is?

DR. K. RAMAN TAMPI (*Inspecting Medical Officer*): The scheme has been prepared, and it is under the consideration of the Government. Government are likely to take it up next year.

Mr. Tarakan complained that we are not giving sufficient facilities for women. It is not possible to appoint lady doctors in all the hospitals all at once. As I mentioned already, we have lady assistants in several of the important hospitals.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : പറവൂർ സ്മാംപാക്സ്ഷെഡിനുള്ള സ്ഥലം പൊന്നും വിലകൊടുത്തു എടുക്കാൻ ആലോചിക്കുന്നുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ആദ്യം ആലോചിച്ചസ്ഥലം ഞാൻ നോക്കിയിട്ടുണ്ട്, ഇപ്പോഴും അതു ആലോചനയിൽതന്നെയിരിക്കയാണ്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ഇപ്പോൾ നോക്കിയിട്ടുള്ള സ്ഥലം വേണ്ടെന്നാണൊ വച്ചിരിക്കുന്നതു?

DR. K. RAMAN TAMPI (*Inspecting Medical Officer*): അവിടെക്കിട്ടാവുന്നസ്ഥലങ്ങളെല്ലാം ഞാൻ നോക്കിയിട്ടുണ്ട്. എന്നാൽ കഴിയുന്നതും വേഗത്തിൽ സ്ഥലംഎടുത്തു സ്മാംപാക്സ് ഷെഡ് കെട്ടുന്നതാണു.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇനി പെർഷൻപറയുന്ന ഡാക്ടർമാക്ക പകരം ലേഡിഡാക്ടർമാരെ നിയമിച്ച ആവശ്യമുള്ള സ്ഥലത്തേയ്ക്കയച്ചുകൊടുക്കരുതൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതൊക്കെ ഗവണ്മെൻറു ആലോചിക്കേണ്ടതാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ചില ആശുപത്രികളിൽ രണ്ടും മൂന്നും ഡാക്ടർമാർ കാണും. അതിൽ ഒരാളിനു പകരം ലേഡിഡാക്ടരെ നിയമിക്കുന്നതു ജനങ്ങൾക്കു സൌകര്യപ്രദമായിരിക്കയില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഇവിടം ഒരു പരിഷ്കൃതരാജ്യമാണ്. മഹമ്മദൻ സ്ത്രീകളെക്കാൾ ശ്ലോഷകളാണ് ഇവിടത്തെ സ്ത്രീകൾഎന്നു വരുത്തുന്നതു ശരിയല്ല. ഇവിടെ അങ്ങനെയുള്ള ശ്ലോഷാനുപ്രദായമൊന്നുമില്ല. തിരുവിതാംകൂറിനോളംതന്നെ വിദ്യാഭ്യാസത്തിൽ ഉയർച്ചയില്ലാത്ത മദ്രാസിലെ പെണ്ണുങ്ങളുടെ ആശുപത്രിമുഴുവൻ ഭരിക്കുന്നതു പുരുഷന്മാരാണ്. അതുകൊണ്ടു ഇവിടെ സ്ത്രീകൾക്കായി ആശുപത്രി വേണ്ടെന്നു ഞാൻ പറയുന്നില്ല. കായ്യം പറയുന്നതെയുള്ളു. ആലപ്പുഴയിൽ സ്ത്രീകൾക്കായി ഒരാശുപത്രി സ്ഥാപിക്കാൻ സ്ഥലം എടുത്തുകഴിഞ്ഞു. അതു താമസിയാതെ നടപ്പിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നതു്.

MR. P. S. MAHOMED (*Nominated*): അതിലേക്കു സ്ഥലം നിശ്ചയിച്ചു കഴിഞ്ഞിട്ട് എത്രകൊല്ലമായി?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതൊക്കെ ഉടനടി നടപ്പിൽ വരുത്തുക എന്നുള്ളതു് സാദ്ധ്യമാണൊ? ഗവണ്മെൻറിൻറെ കോശസ്ഥിതിയനുസരിച്ചു ചെയ്യുവാൻ നിവൃത്തിയുള്ളു.

MR. P. S. MAHOMED (*Nominated*): ഇതു് ഗവണ്മെൻറിൻറെ കോശസ്ഥിതി നന്നായിരുന്നകാലത്തു ആലോചിച്ചതാണെന്നറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): സ്ഥലംനിശ്ചയിക്കുന്നതിനു കുറെതാമസം വേണ്ടിവന്നു. ഉടനടി ഒരുകായ്യവും സാധിക്കുന്നതല്ല.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): കൊല്ലം ഡിവിഷനിൽ സ്ത്രീകൾക്കായി ഒരാശുപത്രിയുള്ളതുകൊണ്ടു ഇപ്പോൾ ആലപ്പുഴ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആശുപത്രി കോട്ടയം ഡിവിഷനിൽ എവിടെയെങ്കിലും സ്ഥാപിച്ചാൽ അതു കുറെക്കൂടി സൌകര്യപ്രദമായിരിക്കയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Do you press the motion Mr. Tarakan?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : കുറച്ചംപടിക്കൽ ആശുപത്രിയെ സംബന്ധിച്ചുമാത്രം ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ കുറെ സിദ്ധാന്തം കാണിച്ചുവെങ്കിലും മറുകാര്യങ്ങളെ സംബന്ധിച്ചു കഴിവുള്ള മറുപടി പറഞ്ഞതുകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT : Does the House permit the motion being withdrawn?

The motion was, by leave, withdrawn.

The following motion was not moved.

Motion No. 179.

MR. TARIATU KUNJITOMMAN :

179. To omit the allotment of Rs. 13,495 for Superintendence

Motion No. 180.

MR. K. P. NILAKANTA PILLAI :

The motion standing in my name is:

To reduce the allotment of Rs. 13,495 for Superintendence by Re. 1.

Sir, my object is to suggest the reorganisation of the General Hospital. If I would be in order in doing that, I wish to move the motion. Otherwise, I do not wish to move it.

PRESIDENT : The motion proposes a cut under Superintendence. I do not think the case of the General Hospital properly comes under the motion.

MR. K. P. NILAKANTA PILLAI (*Chirayinkil*) : Then, I do not make the motion, Sir.

Motions Nos. 181 to 183.

The following motions were also not moved : ——

MR. JOSEPH KUNJU :

181. To reduce the allotment of Rs. 13,495 for Superintendence by Re. 1.

MR. KOCHUKORA TARAKAN :

182. To reduce the allotment of Rs. 13,495 for Superintendence by Re 1.

MR. N. K. KRISHNA PILLAI :

183. To reduce the allotment of Rs. 13,495 for Superintendence by Re. 1.

Motion No. 184.

MR. A. NARAYANA PILLAI :

Sir, I beg to make the following motion :——

To reduce the allotment of Rs. 13,495 for Superintendence by Re. 1.

PRESIDENT : What particular point do you wish to speak upon Mr. Narayana Pillai?

MR. A. NARAYANA PILLAI (*Vaikam*) : I wish to speak about the inadequacy of Superintendence.

PRESIDENT : Please keep to that point alo

MR. A. NARAYANA PILLAI (*Vaikam*) ആശുപത്രികളുടെ ഭരണത്തെ ഉദ്ദേശിച്ചു ചിലകാര്യങ്ങൾ പറയേണ്ടതായിട്ടുണ്ട്. അതാണ് ജനറൽ പാളിസി'' (General policy) എന്നു ഞാൻ പറഞ്ഞിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ആശുപത്രിയെസംബന്ധിച്ച സൂപ്രിൻറൻസ് ശരിയായി ചെയ്യാത്തതുസംബന്ധിച്ചാണൊ പറയുവാൻ പോകുന്നത്?

MR. A. NARAYANA PILLAI (*Vaikam*) : അതെ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതൊ ബോർഡു ചെയ്യേണ്ടകാര്യങ്ങളെപ്പറ്റി പറയാൻ പോകയാണൊ?

MR. A. NARAYANA PILLAI (*Vaikam*): മെഡിക്കൽ ബോർഡിനെയൊ അല്ലെങ്കിൽ ആസ്ഥാനം വഹിക്കുന്ന ഏതെങ്കിലും ഒരാളിനെയൊ സംബന്ധിച്ചമാത്രമാണ് എനിക്കുപറയുവാനുള്ളത്.

സർ, രാജ്യത്തുള്ള ജനങ്ങളുടെ ക്ഷേമത്തെ ഉദ്ദേശിച്ച—അവരുടെ ശരീരസ്ഥിതി നന്നാക്കുന്നതിനെ ഉദ്ദേശിച്ച—അവരുടെ രോഗങ്ങളെ ശരിയായി പരിശോധിച്ച തക്കതായ മരുന്നുകൾ കൊടുക്കുന്നതിനാണല്ലൊ രാജ്യത്തിൻറെ നാനാഭാഗങ്ങളിലും ആശുപത്രികൾ സ്ഥാപിച്ചിട്ടുള്ളത്. രോഗികളെ ചികത്സിക്കുമ്പോൾ അവരുടെ രോഗനിണ്ണയം ചെയ്യുന്നു, അവക്കു കൊടുക്കുന്ന മരുന്നും, അതു് എത്രത്തോളം പ്രയോജനകരമായി ഭവിക്കുന്നുഎന്നുള്ളതും കണ്ടുപിടിക്കത്തക്കവണ്ണം വേണ്ടവിവരങ്ങൾ എഴുതുന്ന ഒരുഫ്ാറം ആശുപത്രികളിലുണ്ട്. ഇതെല്ലാം കാര്യങ്ങൾ നടത്തുന്നതിനു എന്തുമാത്രം സമയംവേണമെന്നാലോചിച്ചൊ അല്ലെങ്കിൽ ആശുപത്രികളിൽ എത്രമാത്രം രോഗികൾ വരുന്നുണ്ടെന്നുള്ള സംഗതി അന്വേഷിച്ചൊ അല്ല ആശുപത്രികളിൽ മെഡിക്കലാഫീസർമാരെ അയച്ചുകൊടുക്കുന്നതു്. അതുകൊണ്ടുള്ള ദുഷ്യം പൊതുജനങ്ങൾക്കാണു് തട്ടുന്നതു്. ഒരാൾ സുഖക്കേടായി ചെന്നുകഴിഞ്ഞാൽ അയാളുടെ സുഖക്കേടു തലവേദനയാണു് അല്ലെങ്കിൽ പനിയാണെന്നു പറയുന്നതിനു മുമ്പുതന്നെ ഡാക്ടർ മരുന്നിനുകുറിച്ചു പെട്ടിയിൽ ഇട്ടുകഴിയും. ഇതു ഡാക്ടർമാരുടെ വീഴ്ചയല്ല രാവിലെ ഏഴുമണിക്കുവന്നാൽ ഒരു ഏഴുമണിയോടുകൂടിയെങ്കിലും തിരിച്ചുപൊകണമെന്നു വിചാരിക്കുന്നതു മനുഷ്യസഹജമാണു്. അതുകൊണ്ടു വരുന്നവരെ എങ്ങനെയെങ്കിലും പിരിച്ചുവിടണമെല്ലൊഎന്നുള്ള ഉദ്ദേശത്തിൽ ഇങ്ങനെചെയ്യുന്നതാണു്. തന്നിമിത്തം രോഗികളെ ശരിയായിനോക്കി രോഗനിണ്ണയംചെയ്തു ശരിയായമരുന്നുകൊടുത്തു ചികത്സിക്കുന്നതിനു സാധിക്കുന്നില്ല. മറുപലഡിപ്പാർട്ടുമെൻറിലും ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യനിർവ്വഹണത്തിനു പണം വാങ്ങിച്ചുകൂടാ എന്നു വ്യവസ്ഥയുണ്ടെങ്കിലും ഡാക്ടർമാർക്കു പണംവാങ്ങിക്കുന്നതിനു ലൈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Narayana Pillai.]

സൗകര്യമുണ്ടു്; അവരുടെ അധികാരം ദുരുപയോഗപ്പെടുത്തുന്നു എന്നുകൂടി ചിലർ അഭിപ്രായപ്പെടുന്നതിനു ഇതൊരു കൂടുതൽവഴിയാകുന്നു. ആശുപത്രികളിൽ ഇങ്ങനെ ശരിയായിനോക്കി മരുന്നുകൊടുക്കാത്തതുകൊണ്ടു, ആശുപത്രിയിൽ ഡാക്ടരെചെന്നു കണ്ടുപറഞ്ഞാൽ തന്റെ രോഗത്തിനു ശമനമുണ്ടാവുകയില്ലെന്നും അതുകൊണ്ടു ഡാക്ടരെ സൌകര്യമായി വീട്ടിൽചെന്നു കണ്ടാലെ സാധിക്കയുള്ളൂ എന്നും ജനങ്ങൾ ധരിക്കുന്നതിനിടയാകുന്നു. അതിനാൽ ഡാക്ടരെ പ്രത്യേകംകണ്ടു പ്രത്യേകം ഫീസുകൊടുത്തു ചികത്സിപ്പിക്കേണ്ടതായി വരുന്നു. ഇതു് എല്ലാവക്കും സാധിക്കാവുന്ന ഒരു കാര്യമല്ല. സാധുക്കൾ ആശുപത്രികളിൽചെന്നാൽ ഒന്നുകിൽ ഡാക്ടർക്കു സമയമില്ലെന്നു പറയും, അല്ലുങ്കിൽ ആശുപത്രിയിൽ മരുന്നില്ലെന്നു പറയും. ഫ്രീ ലേക്കു കിട്ടേണ്ട മരുന്നുപോലും ഇതുവരെ ചില ആശുപത്രികളിൽ കിട്ടിയിട്ടില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഫ്രീ ൽ കൊടുത്തതു ഏതു് കൊല്ലത്തേയ്ക്കുള്ള മരുന്നാണു്?

MR. A. NARAYANA PILLAI (*Vaikam*): അതു ഫ്രീ ന്നു-ലേക്കുള്ളതാണു് ഫ്രീ ന്നു-ൽ കൊടുക്കേണ്ട മരുന്നുമുഴുവനും തന്നെ ഇതുവരെ കൊടുത്തുതീർത്തിട്ടില്ല.

DR. K. RAMAN TAMPI (*Inspecting Medical Officer*) : സാധാരണ ആശുപത്രികൾക്കു് മൂന്നു മാസത്തേക്കുള്ള മരുന്നാണു് കൊടുക്കുന്നതെന്നും അതിനും പുറമെ അത്യാവശ്യം വരുമ്പോൾ എക്സ്ട്രാ ഇൻഡന്റയക്കുകയും അതനുസരിച്ചു മരുന്നുകൾ അയച്ചുകൊടുക്കയും ചെയ്യുന്നുണ്ടെന്നും ഉള്ള വിവരംമെമ്പർക്കറിയാമൊ?

MR. A. NARAYANA PILLAI (*Vaikam*): ഫ്രീ ന്റെ കർക്കടകമാസത്തെ ചിലവിനുള്ള മരുന്നു ആശുപത്രികളിൽ അയച്ചു കൊടുത്തിട്ടുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ഇന്ന മാസത്തേയ്ക്കു ഇത്രമരുന്നെന്നു ക്ലിപ്തം ചെയ്തിട്ടില്ല എല്ലാംകൂടി ഒന്നിച്ചയക്കുകയാണു് ചെയ്യുന്നതു.

MR. A. NARAYANA PILLAI (*Vaikam*) ഫ്രീ ന്റെ കർക്കടകമാസത്തിലെ ആവശ്യത്തിനുള്ള മരുന്നു ആശുപത്രികളിൽ കൊടുത്തിട്ടുണ്ടൊ എന്നുമാത്രംപറഞ്ഞാൽമതി. ഇപ്പോൾ നടക്കുന്നതു ഇന്നമാസത്തേയ്ക്കു ഇത്ര മരുന്നുണ്ടു. അതു ആശുപത്രികൾക്കായി വീതിച്ചുകൊടുക്കുക എന്നുള്ള ഒരു രീതിയിലാണു്. അതുതന്നെ സമയത്തു കിട്ടുകയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ കണക്കിനു രോഗികളുടെ സംഖ്യയനുസരിച്ചു മരുന്നു കൊടുക്കുകയല്ല ചെയ്യുന്നതു്. നേരെമറിച്ചു മരുന്നിന്റെ സ്ഥിതിയനുസരിച്ചു രോഗികൾക്കു കൊടുക്കുകയാണു ചെയ്യുന്നതു. ഇതു് ആശുപത്രിക്കടുത്തുള്ള മരുന്നുശാലക്കാർക്കു വലിയലാഭം ഉണ്ടാക്കുന്നതിനു ഒരു കാരണമായി തീരുന്നു. ഇങ്ങനെയുള്ള മരുന്നുശാലക്കാർ മിക്കവാറും ഡാക്ടർമാർക്കും പ്രത്യേകതയുള്ളവരുടെതായിരിക്കും. അവർചോദിക്കുന്ന വില മരുന്നിനു കൊടുക്കാതെനിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) ആശുപത്രികളിലുള്ള മരുന്നുകൾ തന്നെ മരുന്നു വില്പനക്കാർക്കു എടുത്തു കൊടുക്കുന്നില്ലെ?

MR. A. NARAYANA PILLAI (*Vaikam*): അങ്ങനെയും ചിലർ പറയാറുണ്ടെങ്കിലും ഞാൻ അതു വിശ്വസിച്ചിട്ടില്ല. എന്തായാലും ആശുപത്രികളിൽ ശരിയായിമരുന്നുകിട്ടുന്നില്ല.

PRESIDENT: The member is not in order. I asked him at the beginning what he was going to speak, and he said he was going to speak something about Superintendence. He is now talking about the internal affairs of the department; he is therefore not in order.

Motion No. 185.

MR. N. JOHN JOSEPH (*Nominated*) : സൂപ്രിൻറൻറൻസിനുള്ള ഫണ്ടർ ൻ ഒ ശുപായിൽ നിന്നും ഒരു ശുപാർശകൂടിക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ആശുപത്രികളിൽ അധഃകൃതരെ ചികത്സിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നുള്ള സംഗതി ഗവണ്മെൻറിനെ ഉൽബോധിപ്പിക്കാനാണു ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ആശുപത്രികളും ഒന്നുംതന്നെ ഇന്നു അധഃകൃതർക്കു ഉപയോഗപ്രദമായി തീരുന്നില്ലെന്നു പറയുന്നതിൽ എനിക്കുശേഷം മടിയില്ല. അധഃകൃതരുടെ രോഗങ്ങളെ പരിശോധിക്കുന്നതു തന്നെ അവരെ ദൂരെനിറുത്തിവല്ലവരെയും കൊണ്ടു. രോഗമിന്നതാണെന്നു ചോദിച്ചറിയുക എന്നുള്ള നിലയിലാണു് എന്നുള്ളതു എനിക്കുതന്നെ അനുഭവമായിട്ടുള്ള സംഗതിയാണു. ദീനചികത്സയിലും അധഃകൃതരെ പിന്നോക്കം നിറുത്തുന്നതു രാജ്യത്തിനൊ മറുസമുദായങ്ങൾക്കൊ ഒട്ടും അഭിമാനകരമല്ലെന്നുള്ള സംഗതി നിസ്തർക്കമായ ഒന്നാണല്ലൊ. ഇന്നു ആശുപത്രികളിൽ അധഃകൃതരോഗികളുടെ ശതമാനം എത്രയുണ്ടെന്നു നോക്കിയാൽ വളരെ ഉച്ചതരമായ ഒരു സംഖ്യയെകാണുവാൻ സാധിക്കുകയുള്ളു. കിടത്തി ചികത്സിക്കേണ്ട രോഗങ്ങൾ വന്നാലും അധഃകൃതർക്കു മരുന്നു കൊടുത്തയക്കുകയല്ലാതെ മിക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph]

ആശുപത്രികളിലും യഥാർത്ഥത്തിൽ അവരെ കിടത്തി ചികത്സിപ്പിക്കുന്നില്ലെന്നുള്ള സംഗതി വ്യസനസമേതം ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. അഥവാ വല്ല അധഃകൃതരെയും കിടത്തി ചികത്സിപ്പിക്കുന്നുണ്ടെങ്കിൽ അവരുടെ കാര്യം ശരിയായി അന്വേഷിക്കുന്നുമില്ല. ആശുപത്രികളിൽ അധഃകൃതസമുദായത്തിൽ പെട്ട കമ്പൗണ്ടർമാരൊ അല്ലെങ്കിൽ നർസൊ ഉണ്ടായിരുന്നാൽ അധഃകൃതരോഗികളുടെ കാര്യം ശരിയായിഅന്വേഷിക്കുമായിരുന്നു.

PRESIDENT: You are not in order, Mr. John Joseph.

MR. N. JOHN JOSEPH (*Nominated*): ഇപ്പോൾ ആശുപത്രികളിൽ അധഃകൃതരെ ചികിത്സിപ്പിക്കുന്നുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ആശുപത്രികാര്യം ശരിയായി നടത്തുന്നില്ലെന്നു പറയാനുമന്നല്ലാതെ ഉദ്യോഗനിയമനങ്ങളെപ്പറ്റിയൊ അധഃകൃതക്കുള്ള അവശതകളെപ്പറ്റിയൊ ഇവിടെ പറയുവാൻ പാടില്ല.

MR. N. JOHN JOSEPH (*Nominated*) : ശരിയായ നിലയിൽ സൂപ്പർവൈസ് ചെയ്യുന്നപക്ഷം ഇങ്ങനെയുള്ള അവശതകൾ അധഃകൃതക്കുണ്ടാവുകയില്ലെന്നാണ ഞാൻ പറയുന്നതു.

MR. E. V. KRISHNA PILLAI (*Koltarakara* cum *Kunnattur*): Can the member continue his speech in view of the ruling given by the Chair?

PRESIDENT: No; he must stick to the point or not speak at all.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആശുപത്രികളുടെ ഉൽഭരണത്തെപ്പറ്റി പറയുവാൻ പാടില്ലെന്നാണ പ്രസിഡൻറ് അവർകൾ പറഞ്ഞതു്.

MR. N. JOHN JOSEPH (*Nominated*). അധഃകൃതരുടെ ദീനപരിശോധന അവക്കാശപ്രദമാകത്തക്ക നിലയിൽ ചെയ്യുന്നവിഷയത്തിൽ ഡിപ്പാർട്ടുമെൻറുമേലധികാരി പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

DR. K. RAMAN TAMPI (*Inspecting Medical Officer*): അധഃകൃതരെ അടുത്തുനോക്കിചികത്സിക്കുന്നില്ല എന്നും അവരെ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നില്ലെന്നും പറഞ്ഞതുശരിയല്ല. പുലയവാർഡ് എന്നെഴുതിയിരുന്നതു് അധഃകൃതക്കു അഭിമാനക്കുറവാണെന്നു വിചാരിച്ചു് ആ ബോർഡു മാറ്റി സെപടിക്ക് വാർഡിലാണ് അവരെകിടത്തുന്നതു്. ഇതിൽനിന്നും അധഃകൃതക്കു വൈദ്യസഹായം നൽകുന്നതിൽ എത്രമാത്രം മെഡിക്കൽ ഡിപ്പാർട്ടുമെൻറുശ്രദ്ധചെലുത്തുന്നുണ്ടു് എന്നുള്ളതു സ്പഷ്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): According to the member, are the terms "*Pulaya*" and "*septic*" synonymous?

DR. K. RAMAN TAMPI (*Inspecting Medical Officer*): That is not it. It only means that the ward is meant for all communities.

മറ്റുസമുദായങ്ങളിൽ പെട്ടരോഗികളും കിടക്കുന്നസ്ഥലത്തുതന്നെയാണുഅധഃകൃതരോഗികളെയും കിടത്തിചികിത്സിക്കുന്നത്.

MR. N. JOHN JOSEPH (*Nominated*): പുലയവാർഡ് എന്നുള്ളപേരു എടുത്തുകളഞ്ഞുതായി മെമ്പർ പറയുകയുണ്ടായി. എന്നാൽ മറ്റുള്ള സംഗതികളിലും അധഃകൃതരെ സംബന്ധിച്ചിടത്തോളം ഡാക്ടർമാർശരിയായിപ്രവർത്തിക്കുന്നതിനുവേണ്ട ഉത്തരവുകൾ കൊടുത്തിട്ടുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ജനറൽ ആശുപത്രിയിൽ അധഃകൃതക്കു യാതൊരുസമത്വവുമില്ല.

MR. N. JOHN JOSEPH (*Nominated*): ജനറൽ ആശുപത്രിയിൽ അധഃകൃതരെ ശരിയായിചികിത്സിക്കുന്നുണ്ടായിരിക്കാം. എന്നാൽ നാട്ടിൻപുറങ്ങളിലുള്ള ആശുപത്രികളിൽ അധഃകൃതരെ നീക്കിനിറുത്തുന്ന എന്നറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): എല്ലാ സ്ഥലത്തും ഒരുപോലെയാണു നടക്കുന്നതെന്നാണു ഞാൻ വിചാരിക്കുന്നത്. എന്നാൽ നാട്ടിൻപുറങ്ങളിലുള്ള ആശുപത്രികളെ സംബന്ധിച്ചു വല്ല വ്യത്യാസവുമുണ്ടെന്നു മെമ്പർ പറയുകയാണെങ്കിൽ അതിനെസംബന്ധിച്ചു വേണ്ടിടത്തോളമുള്ള നിഷ്കർഷകൾ ഞാൻ ഇനിചെയ്യുകൊള്ളാം.

MR. N. JOHN JOSEPH (*Nominated*) അധഃകൃതസമുദായക്കാർ വൈദ്യസഹായം ലഭിക്കുന്ന വിഷയത്തിൽ അസമത്വത അനുഭവിച്ചുവരുന്നു എന്നു ഞാൻ കഴിഞ്ഞവർഷം പറഞ്ഞതിനുശേഷം അതു പരിഹരിക്കുന്നതിനായി മെഡിക്കൽ ബോർഡിൽനിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): വിശേഷിച്ചു ചെയ്യാനൊന്നുമില്ല. അധഃകൃതർ എന്നൊരുവർഗ്ഗം തന്നെയില്ലെന്നാണ് എന്റെ അഭിപ്രായം. ഒരു സമുദായം മറ്റുള്ളവരെ അപേക്ഷിച്ചു "ഞങ്ങൾ താണവരാണെ" എന്നു എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ടാണ് അവർ താഴുന്നത്. അതിനാൽ അങ്ങനെ ഒരു വിചാരത്തിനെ അവകാശംകൊടുക്കരുത്. എല്ലാ സമുദായക്കാരും നന്നായിരിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു മെഡിക്കൽ ബോർഡിലെ മൂന്നു അംഗങ്ങളും പ്രവർത്തിക്കുന്നത്.

MR. N. JOHN JOSEPH (*Nominated*): ഇതു വെറും പറച്ചിലല്ലാതെ പ്രവൃത്തിയിലുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): പ്രവൃത്തിയിലാണുള്ളത്.

അധഃകൃതസമുദായത്തിൽപെട്ടവരെകൊണ്ടാണ് നിയമിക്കണമെന്നു പറഞ്ഞു. അത് ഇപ്പോഴത്തെ നിലയ്ക്കു സാധിക്കുന്ന ഒരു കാര്യമല്ല.

MR. N. JOHN JOSEPH (*Nominated*): പൂൺസായിനിയമിക്കരുതോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): തൊപ്പുകാരായി അവരെ നിയമിക്കാറുണ്ട്.

MR. N. JOHN JOSEPH (*Nominated*) : അങ്ങനെ എത്രപേരെ നിയമിച്ചിട്ടുണ്ട്?

DR. K. RAMAN TAMPI (*Inspecting Medical Officer*) : മൂന്നൊന്നാലൊപേരെ ആക്കിയിട്ടുണ്ട്. എന്നാൽ ഈയിടെ അതിലേക്കുതന്നെ അപേക്ഷകർ കിട്ടുന്നില്ല. ഇവിടെ ശിപായിജോലിക്കു എട്ടരയൊ ഒൻപതൊരുപാശമ്പളമെയുള്ളു. വെളിയിൽ വേലയ്ക്കു പോയാൽ അവക്കു കൂടുതൽ ശമ്പളം കിട്ടും.

MR. N. JOHN JOSEPH (*Nominated*) അതുകൊണ്ട് അപേക്ഷകന്മാരാരുംതന്നെയില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഉണ്ട്, അവരുടെ അപേക്ഷയെ ഗൌനിക്കുന്നുമുണ്ട്.

MR. N. JOHN JOSEPH (*Nominated*): മെഡിക്കൽ ഡിപ്പാർട്ടുമെൻറു മേലധ്യക്ഷൻ അധഃകൃതരുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാമെന്ന് ഉറപ്പു പറയുന്നതു കൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിനനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was by leave, withdrawn.

Motions Nos. 186 To 189.

The folloning motions were not made:—

MR. K. P. ABRAHAM:

186. To reduce the allotment of Rs. 13, 495 for Superintendence by Rs. 5

MR. K. C. CHANDI :

187. To reduce the allotment of Rs 13, 495 for Superintedence by Rs 5.

MR. K. P. KOCHUKORA TARAKAN:

188. To reduce the allotment of Rs. 13,495 for Superinterdence by Rs 5

MR. K. P. ABRAHAM :

189. To reduce the allotment of Rs. 13,495 for Superintendence by Rs. 7.

Motion No. 190.

MR. K. KUNJUKRISHNA PILLAI (*Quilon*): My motion is:

To reduce the allotment of Rs. 13,495, for Superintendence by Rs 10.

for the purpose of discussing the necessity for the appointment of a Food Analyst.

PRESIDENT: I am not sure your motion comes under the right head-

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*):The motion does not appear to be quite correct, coming, as it does under this head The more appropriate head would be "Public Health."

MR. K. KUNJUKRISHNA PILLAI (*Quilon*) : I shall take that opportunity then.

Motion No. 191.

MR. P. S. MAHOMED (*Nominated*): മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ശമ്പളംവകയ്ക്കായി ചേർത്തിട്ടുള്ള വ്യവ, ഒർൻ തുകയിൽനിന്നും ഫ ഠ തുക കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ഡാക്ടർമാരെ മുന്നു വഷ്ത്തിൽ കൂടുതൽ ഒരേ സ്ഥലത്തുതന്നെ ഇരുത്താൻ പാടില്ലെന്നുള്ള സംഗതി ഗവണ്മെൻറിനെ മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. സാധാരണ ഉദ്യോഗസ്ഥന്മാരെപോലെയല്ല ഡാക്ടർമാർ. മറേറതെങ്കിലും ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും ഉപദ്രവം ചെയ്യുന്നപക്ഷം അതിനെല്ലാം ഒരതിരുണ്ട്. ജീവനെ രക്ഷിക്കുന്നതിനുവേണ്ടിയും, മനുഷ്യർ രോഗികളാകാതെ സൂക്ഷിക്കുന്നതിനുവേണ്ടിയും, രോഗങ്ങളിൽ നിന്നു മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടിയും സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളാണ് ആശുപത്രികൾ. ഈ സ്ഥാപനങ്ങളിൽ വരുന്ന ഡാക്ടർമാരെ ജനങ്ങൾ മറുള്ള ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെക്കാൾ കൂടുതൽ ഭയപ്പെടുകയും നല്ലവരാണെന്നു കണ്ടാൽ അവരെ മറുള്ളവരെ അപേക്ഷിച്ചു കൂടുതലായി ബഹുമാനിക്കയും വിശ്വസിക്കയും ചെയ്യുന്നുണ്ട്. എന്നാൽ മനുഷ്യപ്രകൃതമായ് ചില സ്വഭാവവൈശിഷ്ട്യങ്ങൾ ഡാക്ടർമാരെ ബാധിക്കാതിരിക്കുമെന്നു വിചാരിക്കാൻ തരമില്ല. ഏതെങ്കിലും ഒരു സ്ഥലത്തു കുറെ ദിവസം ഡാക്ടർമാർ സ്ഥിരമായിരുന്നു കഴിഞ്ഞാൽ അവിടെയുള്ള ജനങ്ങളുടെ കക്ഷിമത്സരത്തിൽ ഈ ഡാക്ടർക്കും ഒരു കക്ഷിയിൽ സ്ഥാനം ലഭിക്കുക എന്നുള്ളതു സാധാരണമാണ്. ചില സന്ദർഭങ്ങളിൽ ഈ കക്ഷികളോടുകൂടി ഡാക്ടർക്കും മുന്നിട്ടിറങ്ങുവാൻ പ്രവൃത്തിക്കേണ്ടതായി വന്നുകൂടും. അതായത്, അന്യോഗസ്ഥന്മാരുടെ തിരഞ്ഞെടുപ്പിൽതന്നെ ചിലപ്പോൾ ഡാക്ടർമാർ പങ്കെടുത്തിട്ടുണ്ട്.

MR. A. THANU PILLAI (*Trivandrum*): മെമ്പറുടെ അനുഭവത്തിൽ അങ്ങനെ വന്നിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): വന്നിട്ടുള്ളതുകൊണ്ടാണല്ലോ പറയുന്നത്.

MR. M. P. MADHAVAN PILLAI (*Tiruvalla*): അക്കാലത്തു് ഇതിനെപ്പററി പരാതിപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*) : പരാതികളൊക്കെ പറഞ്ഞിട്ടുണ്ട്; അതൊന്നും ഇപ്പോൾ ചോദിക്കേണ്ട ആവശ്യമില്ല.

തിരഞ്ഞെടുപ്പു കഴിഞ്ഞു സ്ഥാനാർത്ഥികൾ തമ്മിൽ സ്നേഹമായാലും ഡാക്ടരുടെ വൈരാഗ്യം തീരുകയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) ഈ ദോഷം എല്ലാവർക്കുമുണ്ടോ?

MR. P. S. MAHOMED (*Nominated*): മിക്കവാറും എല്ലാപേർക്കും ഉണ്ട്. സ്വാഭാവികമായി സ്വാധീനശക്തിയുള്ളവർ തനിക്കെതിരായി ഇയാൾ നിന്നല്ലൊ എന്നുള്ളവിചാരത്തോടുകൂടി വൈരാഗ്യംവച്ചുകൊണ്ടിരിക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ വൈരാഗ്യം ഡാക്ടർമാർക്കു മാത്രമെയുള്ളോ? മറ്റുള്ളവർക്കും കാണുകയില്ലെ?

MR. P. S. MAHOMED (*Nominated*) : എല്ലാവർക്കും കാണും.

MR. A. THANU PILLAI (*Trivandrum*): ഇതൊരു സ്ഥലത്തിന്റെ ദൃഷ്യമൊ അതല്ല ഡാക്ടരുടെ ദൃഷ്യമൊ? (ചിരി)

MR. P. S. MAHOMED (*Nominated*) : സ്ഥലത്തിന്റെയൊ ഡാക്ടരുടെയൊ ദൃഷ്യമല്ല മനുഷ്യസ്വഭാവത്തിന്റെ ദൃഷ്യം മാത്രമാണ്. അതുകൊണ്ടു ഒരു ഡാക്ടരെ അധികം ദിവസം ഒരു സ്ഥലത്തുതന്നെ വയ്ക്കാതിരുന്നാൽ കക്ഷിമത്സരങ്ങളിൽ അയാൾക്കു പങ്കെടുക്കാൻ സാധിക്കയില്ല; എന്തുകൊണ്ടെന്നാൽ അവിടത്തെ ജനങ്ങളുടെ സ്ഥിതിഗതികളെല്ലാം മനസ്സിലാക്കിവരുമ്പോൾ അയാൾക്കു അവിടെനിന്നും പോകേണ്ടതായിവരും. ഈ സംഗതി ജനങ്ങളുടെ ജീവനെ ബാധിക്കുന്നതാണ്. ഡാക്ടർക്കെതിരായി നില്ക്കുന്നവരുടെ ജീവന്റെ നില അപകടകരമാണെന്നു അവർ ഭയപ്പെടുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഡാക്ടർ ശരിയായി ജോലിചെയ്യുന്നുണ്ടെങ്കിൽ ഭയപ്പെടേണ്ട ആവശ്യമുണ്ടോ?

MR. P. S. MAHOMED (*Nominated*): ഡാക്ടർ ആവശ്യപ്പെടുന്നതനുസരിച്ചു പ്രവർത്തിക്കാത്തവർ വല്ല കാരണവശാലും ഡാക്ടരുടെ അടുത്തു പോകുന്നതിനുതന്നെ ഭയപ്പെടുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അങ്ങനെ ജനങ്ങളാൽ ഭയപ്പെടുന്ന ഒരു ഡാക്ടരെ സർവീസിൽ വച്ചുകൊണ്ടിരിക്കാമൊ?

MR. P. S. MAHOMED (*Nominated*) : അതിപ്പോൾ നിശ്ചയിക്കേണ്ട ഒരു സംഗതിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): ഈ ദൃഷ്യം ഡാക്ടക്ക് പറാനുള്ള കാലം മൂന്നു വഷ്മാണൊ? (ചിരി)

MR. P. S. MAHOMED (*Nominated*): മൂന്നു വഷ്ത്തിനകം വരുന്ന ദൃഷ്യങ്ങളെല്ലാം മനുഷ്യക്ക് സഹിക്കാൻ സാധിക്കും.

MR. K. KUNJUKRISHNA PILLAI (*Quilon*): മൂന്നു വഷ്ത്തിൽ കൂടുതൽ ഒരു സ്ഥലത്തുതന്നെ മറേതെങ്കിലും സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ദൃഷ്യമുണ്ടൊ?

MR. P. S. MAHOMED (*Nominated*): മൂന്നു വഷ്ത്തിൽ കൂടുതൽ ഒരു ദ്യോഗസ്ഥനെയും ഒരു സ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

MR. K. GEORGE (*Chief Secretary to Government*): Would the member prescribe that rule for all hospitals-General Hospital, Ophthalmic Hospital and the Women's Hospital?

MR. P. S. MAHOMED (*Nominated*): ജനറൽ ആശുപത്രിയിൽ നല്ല വിദഗ്ദ്ധന്മാരുണ്ടായിരിക്കേണ്ടതുകൊണ്ട് അവരെ ഇതുബാധിക്കണമെന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): വിദഗ്ദ്ധന്മാക്കും ഇതുപോലെയുള്ള ദൃഷ്കീർത്തികം ഉണ്ടാവുകയില്ലെ?

MR. P. S. MAHOMED (*Nominated*): അതിനെ സംബന്ധിച്ച് എക്സ്പ്ഷനായിട്ടു വല്ല വ്യവസ്ഥകളും ചെയ്താൽ മതി.

MR. A. THANU PILLAI (*Trivandrum*): ഈ ദൃഷ്ടന്മാരെല്ലാംതിരുവനന്തപുരത്തുതന്നെ ഇരുന്നുകൊള്ളണമെന്നാണൊ മെമ്പർ പറയുന്നത്? (ചിരി)

MR. P. S. MAHOMED (*Nominated*): ജനറൽ ആശുപത്രിയിൽ വിദഗ്ദ്ധന്മാർ വേണം. എല്ലാദ്യോഴും വിദഗ്ദ്ധന്മാരെ കിട്ടാത്തതുകൊണ്ടു അവർ അവിടെതന്നെ ഇരുന്നുകൊള്ളട്ടെ എന്നു മാത്രമെ പറയുന്നുള്ളു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇതനുസരിച്ചു ചെയ്താൽ സമർത്ഥന്മാരായ ചില ഡാക്ടർമാരെ ഡിസ്ട്രിക്ട് ആശുപത്രികളിൽനിന്നും മാറേണ്ടിവരുമല്ലൊ. അതു് ആ ഡിസ്ട്രിക്ട് ആശുപത്രികൊണ്ടു കാര്യങ്ങൾ നിർവ്വഹിക്കുന്നവക്ക് പ്രയാസമായിവരികയില്ലെ?

MR. P. S. MAHOMED (*Nominated*): എല്ലാ സ്ഥലത്തും സമർത്ഥന്മാരും വിദഗ്ദ്ധന്മാരുമായവരെ കൊടുക്കാൻ ഗവണ്മെൻറിനു സാധിച്ചു എന്നു വരികയില്ല. അതുകൊണ്ട് ഒരു സ്ഥലത്തിരിക്കുന്ന ഡാക്ടർ വി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed]

ഉദ്ദേശമാണെങ്കിൽ അയാളുടെ വൈദഗ്ദ്ധ്യത്തിന്റെ ഫലം മറ്റുള്ളവർക്കുകിട്ടുന്നതിനുവേണ്ടി ഡാക്ടർമാരെ മാറ്റിക്കൊണ്ടിരിക്കണം.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): മൂന്നു വർഷം ഒരേ സ്ഥലത്തിരുന്ന ഒരു ഡാക്ടരെ പിന്നീടു മാറുമ്പോൾ അങ്ങനെ മാറാൻ പാടില്ലെന്നു പൊതുജനങ്ങൾതന്നെ ഹർജി കൊടുക്കുന്നുണ്ടെന്നറിയാമോ?

MR. P. S. MAHOMED (*Nominated*): അങ്ങനെ ഹർജി കൊടുക്കുന്നവർ ആ ഡാക്ടർ ഏതു കക്ഷിയിൽ ചേർന്നിട്ടുണ്ടോ ആ കക്ഷിക്കാരും ആ ഡാക്ടർ അവിടെ ഉണ്ടായിരിക്കുന്നതു തങ്ങളുടെ കക്ഷിക്കു ബലമാണെന്നു വിചാരിക്കുന്നവരുമായിരിക്കും. എന്നാൽ നേരെ മറിച്ചു ഡാക്ടരെ അവിടെനിന്നും മാറ്റണമെന്നും ഹർജികൊടുക്കുന്നതായിട്ടുംകാണാം.

MR. K. GOPALAKRISHNA PILLAI (*Parur*): ഡാക്ടരെ ഒരു സ്ഥലത്തു നയമിച്ചിരിക്കുന്നതു ചികിത്സിക്കാനല്ലെ? അല്ലാതെ ഏലക്ഷൻ കക്ഷി പിടിക്കാനാണൊ?

MR. P. S. MAHOMED (*Nominated*): ചികിത്സിക്കാനാണ്; എങ്കിലും ഏലക്ഷൻ സംബന്ധിച്ചുണ്ടാകുന്ന അവിടത്തെ കക്ഷിമത്സരത്തിൽ ഒരു ഭാഗം ഡാക്ടരും എടുക്കുന്നുണ്ട്.

MR. A. THANU PILLAI (*Trivandrum*): ചുരുക്കത്തിൽ മെമ്പർക്കു പറ്റിയ അപകടം എന്താണെന്നു പറയാമോ? (ചിരി)

MR. P. S. MAHOMED (*Nominated*): എനിക്കപകടമൊന്നുംപറ്റിയില്ല. മറ്റുള്ളവർക്കപകടം വന്നതിനാലാണ് എനിക്കു വിഷമം വന്നത്.

MR. JOSEPH KUNJU (*Changanachery cum Peermade*): മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിലും മറ്റും ഡാക്ടർമാർക്കു വോട്ടില്ലാതിരുന്നാൽ മെമ്പർക്കു തൃപ്തിയാകുമൊ?

MR. P. S. MAHOMED (*Nominated*): അതിനെപ്പറ്റി ഇപ്പോൾ പറയേണ്ട ആവശ്യമില്ല. മൂന്നുവർഷത്തിൽ കൂടുതൽ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഒരു സ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു പലതരത്തിലുള്ള ഉപദ്രവങ്ങളും ജനങ്ങൾക്കു വന്നുചേരുന്നുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഒരു നല്ല ഡാക്ടരും പൊതുജന സമ്മതനുമായ ഒരാളാണെങ്കിലും അയാളെ ഒരേസ്ഥലത്തുതന്നെ വച്ചുകൊണ്ടിക്കരുതൊ?

MR. P. S. MAHOMED (*Nominated*): അങ്ങനെയുള്ളവരെക്കൊണ്ടുള്ള ഗുണം ഒരു സ്ഥലത്തുള്ളവർമാത്രം അനുഭവിച്ചാൽ മതിയൊ? പല താ

LIBRARY ARCHIVES Kerala Legislative Assembly

ലൂക്കുകളിലുമുള്ളവർക്കുടി അനുഭവിക്കട്ടെ. അതിനു തക്കവണ്ണം അവരെ മാറ്റിക്കൊണ്ടിരിക്കണം.

MR. K. GOPALAKRISHNA PILLAI (*Parur*) : പ്രൈവറ്റ് ഡാക്ടർമാർ ഓരൊ സ്ഥലങ്ങളിൽ കാണുകയില്ലെ?

MR. P. S. MAHOMED (*Nominated*) : കാണും.

MR. K. GOPALAKRISHNA PILLAI (*Parur*) : അവർ കക്ഷിപിടിക്കാൻ പോകുമ്പോൾ ഉപദ്രവം ഉണ്ടാവുകയില്ലെ?

MR. P. S. MAHOMED (*Nominated*) : അവർ കക്ഷിപിടിക്കാൻപോയാലും ഇതുയും ഉപദ്രവമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : അപ്പോൾ കക്ഷിപിടിക്ക എന്നുള്ളതു് ഡാക്ടർമാരുടെ തരക്കേടല്ല; സർക്കാരുദ്യോഗത്തിന്റെ തരക്കേടാണു്, എന്നാണൊ മെമ്പർ പറയുന്നതു്?

MR. P. S. MAHOMED (*Nominated*) : അതെ. എല്ലാ ഉദ്യോഗസ്ഥന്മാരെസംബന്ധിച്ചും ഈ ദോഷമുണ്ടു്. ഡാക്ടർമാർക്കു ഈ ദോഷം വരുമ്പോൾ മറ്റുള്ളവരുടെ ജീവനെ സംബന്ധിച്ചായതുകൊണ്ടു അവരുടെ കാര്യത്തിൽമാത്രം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്.

MR. A. THANU PILLAI (*Trivandrum*) : ഒരുദ്യോഗസ്ഥനെയും മൂന്നവർഷത്തിൽ കൂടുതൽ ഒരു സ്ഥലത്തു വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നൊരു രൂഢം ഉണ്ടാക്കുന്നതുകൊണ്ടു വിരോധമുണ്ടൊ?

MR. P. S. MAHOMED (*Nominated*) : ഒരുദ്യോഗസ്ഥനെയും നിവൃത്തിയുള്ളിടത്തോളം മൂന്നവർഷത്തിൽ കൂടുതൽ ഒരു സ്ഥലത്തു വയ്ക്കാതിരിക്കുന്നതുകൊള്ളാം. ഒരാൾ വളരെക്കാലം ഒരെസ്ഥലത്തിരിക്കയാണെങ്കിൽ ചില സംഗതികളിലും വിഷമമുണ്ടാകും.

MR. RAMAVARMA RAJA (*Edavagai*) : ഉദ്യോഗസ്ഥന്മാർ തിരഞ്ഞെടുപ്പിനും മറ്റും പങ്കുകൊള്ളാൻ പാടില്ലെന്നു രൂഢംസില്ലെ?

MR. P. S. MAHOMED (*Nominated*) : രൂഢംസെല്ലാമുണ്ടു്; എന്നാൽ അതനുസരിച്ചു ആരുംതന്നെ പ്രവർത്തിക്കുന്നില്ല.

MR. A. NARAYANA PILLAI (*Vaikam*) : മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പു മൂന്നു വർഷത്തിലൊരിക്കലാണൊ?

MR. P. S. MAHOMED (*Nominated*) : അതെ.

MR. K. P. MADHAVAN PILLAI (*Shertallai*) : മൂന്നുകൊല്ലത്തിലൊരിക്കൽ ഡാക്ടർമാരെ മാറുന്നതു ആലപ്പുഴയെ സംബന്ധിച്ചുമാത്രം മതിയോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*) : ആലപ്പുഴയെ സംബന്ധിച്ചുമാത്രമല്ല ഞാൻ പറയുന്നതു്.

MR. K. P. MADHAVAN PILLAI (*Shertallai*) : ഡാക്ടർമാർ ഏലക്ഷനിൽ ഭാഗഭാക്കുകളാകുന്നതായി വേറെ വല്ല സ്ഥലവുമുണ്ടോ?

MR. P. S. MAHOMED (*Nominated*) : ധാരാളമുണ്ടു്.

MR. K. P. MADHAVAN PILLAI (*Shertallai*) : ഉദാഹരണമായി ഒന്നെങ്കിലും പറയാമോ?

MR. P. S. MAHOMED (*Nominated*) : ധാരാളം പറയാം. ചങ്ങനാശേരിയിൽ ഡാക്ടർമാർ ഏലക്ഷനിൽ പങ്കെടുത്തിട്ടുള്ളതായി എനിക്കറിയാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : എൻജിനീയർമാർ ഏലക്ഷനിൽ പങ്കെടുത്തിട്ടുള്ളതായി അറിയാമോ?

MR. P. S. MAHOMED (*Nominated*) : ഞാൻ എൻജനീയർമാരെസംബന്ധിച്ചല്ല പറയുന്നതു്. എന്നാൽ എല്ലാ ഉദ്യോഗസ്ഥന്മാരെയും മൂന്നു വർഷത്തിൽ കൂടുതൽ ഒരു സ്ഥലത്തു വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതുതന്നെയാണു്.

MR. JOSEPH KUNJU (*Changanachery cum Peermade*) : ചങ്ങനാശേരിയിൽ എവിടെയാണു് ഡാക്ടർ തിരഞ്ഞെടുപ്പിനു പങ്കെടുത്തതെന്നു മെമ്പർക്കു പറയാമോ?

MR. P. S. MAHOMED (*Nominated*) : ഞാൻ ചങ്ങനാശേരി എന്നു പറഞ്ഞതു് കോട്ടയത്തെ ഉദ്ദേശിച്ചാണു്.

MR. K. GOPALAKRISHNA PILLAI (*Parur*) : Sir, I am sorry I have to oppose this motion, because doctors generally do not take part in politics. If at all they take part in politics, they are able to reserve their politics for their leisure hours. They do not deal with their patients as politicians. They are not politicians when they deal with their patients. Even their worst enemies are treated by them very well. For example, at war time, even the enemies that are captured are treated, by doctors, with a kindness which commands the admiration and respect of all. They are the people who deal with life and death ; and they know that life is more precious than politics. Generally, they are above these petty squabbles. I have the greatest objection to the transfer of doctors from one locality to another once three years ; for, a doctor has to know many things about a locality for practising properly there. He has to know the climatic conditions of the place ; he has to know the people, their ways of life, their daily routine of work, and their habits and so many other things. He must know all these in order to be able to prescribe properly. If a doctor does not have the necessary knowledge about local conditions, he would not be successful.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Are there not certain diseases which are peculiar to certain localities?

MR. K. GOPALAKRISHNA PILLAI (*Parur*): Yes; and only such doctors as have gainad experience to treat them successfully should be posted in those localities, and they should never be transferred from there. Further, a doctor has every chance of becoming an expert if he is allowed to remain in a particular locality.

A word about the practice obtaining elsewhere in this matter would not be out of place.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Suppose a doctor, as alleged by the mover of the motion, involves himself in election and other public activities. What action would the member recommend in such a case?

MR. K. GOPALAKRISHNA PILLAI (*Parur*): It is open to Government to take any action against him. He can be asked not to take part in politics. He can be asked to wash his hands of all affairs that involve practical politics, just as teachers or other Government officials have been asked. I am told that in England each doctor is given the sole right to practise in a particular area. England is a country which is not free from political activities. There are elections taking place there once every five years; and doctors, as belonging to particular parties and as voters in particular areas, do have to take part in the elections. Yet, in the matter of treating their patients, these political differences are not allowed to interfere at all. They keep themselves above politics whenever they treat a patient. So, I do not think it would be advisable on the part of this House to approve of this motion. It is against all practice obtaining in advanced countries. It is not in the interests of the suffering people of the locality that by the time a doctor gets acquainted with the people and common diseases prevalent there, he should be transferred from there. With these words, I oppose the motion.

MR. K. KUNJUKRISHNA PILLAI (*Quilon*): I too rise to oppose the motion on a short ground. I was tempted to support the motion in the beginning, thinking that it would be better in the interests of medical service as in various other departments, if a transfer is effected after a specified period. Occasionally, if a transfer is effected, it would be good to maintain the efficiency of the service. I was thinking like that. But one argument of my friend, Mr. Mahomed, has converted me to be an oppositionist to his motion. I oppose it with all the emphasis I can command. He was bringing forward, for the consideration of this House, an argument that because a doctor is responsible for the life and death of a patient and because he has to interfere in public activities, the lives of the people entrusted to the doctor, in his profession, would be jeopardized by his political or other public inclinations. I think that that is a suggestion against which any man belonging to any honourable profession has to protest against. I do not think a doctor, or any man of general culture, or any man who is expected to have any humanity, would so prostitute his profession as to utilise the opportunity given him in the course of his profession, to wreak vengeance on account of

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunjukrishna Pillai.]

political differences. That is a base attack on an honourable profession. I think that, as one who belonging to an equally honourable profession, I have to oppose the motion on that ground, with all the emphasis I can command; and I hope, the members on this side of the House belonging to honourable professions, will oppose that insinuation which the honourable members of the profession of medicine do not deserve.

MR. K. NARAYANAPERUMAL NADAR (*Agastisvaram*): Does the member know that it is almost impossible to *prove* that a doctor takes part in Legislative Council elections, although as a matter of fact he takes keen interest in it?

MR. K. KUNJUKRISHNA PILLAI (*Quilon*): I do not understand the member.

MR. K. NARAYANAPERUMAL NADAR (*Agastisvaram*): Does the member know that it is impossible to *prove* that a doctor takes a keen interest in Council elections?

MR. K. KUNJUKRISHNA PILLAI (*Quilon*): That is very wide off the point I was discussing, and I do not propose to answer that question.

MR. K. NARAYANAPERUMAL NADAR (*Agastisvaram*): Sir, I support the motion of Mr. Mahomed.

DR. K. RAMAN TAMPI (*Inspecting Medical Officer*): Mr. P. S. Mahomed wants that no doctor or surgeon in a hospital should be allowed to remain in a place for more than three years. As far as practicable, we have no objection to do that. But, in many cases, in important hospitals, for example in the General Hospital, when we place officers with superior qualifications, we consider it an advantage to the people to allow them to continue undisturbed as long as possible. If really transfers are very necessary, and if the circumstances demand that they should be transferred, that will be done.

If Mr. Mahomed's criticism is directed to any particular individual I may say that, if the matter is reported to the authorities concerned, the necessary action will be taken in the matter.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഒരു കൊല്ലത്തിൽ മൂന്നും നാലും പ്രാവശ്യം ട്രാൻസ്ഫർ കിട്ടിയിട്ടുള്ള ഡാക്ടർമാരും ഒരേ സ്ഥലത്തുതന്നെ നാലും അഞ്ചും കൊല്ലം സ്ഥിരമായിരിക്കുന്ന ഡാക്ടർമാരും ഉണ്ടെന്നു മെമ്പർക്കറിയാമൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ആ കാര്യമാണു പറയുന്നതു്. ജനറൽ ആശുപത്രിയിൽ നാലും അഞ്ചും കൊല്ലം ഒന്നിച്ചിരിക്കുന്നവരുണ്ടു്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ജനറൽ ആശുപത്രിയല്ല; മറ്റുള്ള ആശുപത്രികളുടെ കഥയാണു ഞാൻ പറഞ്ഞതു്.

DR. K. RAMAN TAMPI (*Inspecting Medical Officer*): പല ആവശ്യങ്ങൾകൊണ്ടും ചില ആളുകളെ കൂടക്കൂടെ മാറേണ്ടതായിവരും,

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ഒരാളിനെ ആണ്ടിൽ മൂന്നുപ്രാവശ്യം സ്ഥലം മാറുകയും അതെ അവസരത്തിൽതന്നെ മറൊരാൾ ഒരെസ്ഥലത്തു അഞ്ചും ആറും കൊല്ലമിരുന്നു സുഖം അനുഭവിക്കയും ചെയ്യുന്നില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ഡാക്ടർമാർ ഒരു സ്ഥലത്തും സുഖമനുഭവിക്കുകയില്ല. എവിടെചെന്നാലും ജോലിചെയ്യണം. ദീനക്കാരുമായി നാലുമുക്കൊല്ലം പെരുമാറുമ്പോൾ ഡാക്ടർമാരെല്ലാം സുഖമനുഭവിക്കയാണൊ ചെയ്യുന്നതെന്നു അറിയാം. ഡാക്ടർമാർക്കു ഒരിക്കലും സുഖമില്ല.

MR. A. THANU PILLAI (*Trivandrum*) : Have instances been brought to the notice of the Medical Board that doctors are taking keen part in elections?

DR. K. RAMAN TAMPI (*Inspecting Medical Officer*) : No, we do not know what they are doing out of office hours.

MR. P. S. MAHOMED (*Nominated*): സർ, മി: കുഞ്ഞുകൃഷ്ണപിള്ളയുടെ പ്രസംഗത്തിൽ നിന്നും അദ്ദേഹം എന്നെ തെറ്റിധരിച്ചതുപോലെ തോന്നുകയുണ്ടായി. ഡാക്ടർമാർ അവരുടെ തൊഴിലിനെ വ്യഭിചരിച്ചു് ആളുകളെ കൊല്ലുകയൊ ഉപദ്രവിക്കയൊ ചെയ്യുന്നു എന്നുള്ള രീതിയിൽ ഞാൻ ഇവിടെപറഞ്ഞിട്ടില്ല. കക്ഷിമത്സരംവരുമ്പോൾ ഒരു കക്ഷിയിലുള്ള ജീവനെ കൂടുതൽ വിലവയ്ക്കുന്ന ആളുകൾക്കു അവരുടെ എതിർകക്ഷിയിലുള്ള ഡാക്ടരുടെ കയ്യിൽ തങ്ങളുടെ ജീവനെ ഏല്പിക്കാനുള്ള മനസ്സമാധാനം അവക്കു വരുന്നില്ല എന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞതു്.

MR. K. KUNJUKRISHNA PILLAI (*Quilon*) : May I inform the member that I understood correctly and accurately what he is now saying?

MR. P. S. MAHOMED (*Nominated*) : അങ്ങനെയാണു മനസ്സിലാക്കിയിട്ടുള്ളതെങ്കിൽ ശരിതന്നെ. എല്ലാ ആളുകളും തന്നെ മി: കുഞ്ഞുകൃഷ്ണപിള്ളയെപോലെതന്നെ പ്രൊഫഷനൽസൈഡിനെ ചിന്തിക്കത്തക്ക നിലയിലുള്ളവരല്ല. സാധുക്കളുടെകാര്യംവേണം ഇവിടെ ചിന്തിക്കാൻ. സാധുജനങ്ങൾ എതിർകക്ഷിയിലുള്ള ഡാക്ടരുടെ അടുക്കൽ വിശ്വാസമായി ചികിത്സക്കു തങ്ങളുടെ ജീവനെ ഏല്പിക്കുന്നതിനു ഭയപ്പെടുന്നു.

MR. A. THANU PILLAI (*Trivandrum*) : മുനിസിപ്പൽ പ്രസിഡൻറു ഇലക്ഷനിൽ കക്ഷിപിടിക്കാറുണ്ടെന്നറിയാമൊ?

MR. P. S. MAHOMED (*Nominated*) : മുനിസിപ്പൽപ്രസിഡൻറു സ്ഥാനാർത്ഥിയായിട്ടു നില്ക്കുന്നതുകൊണ്ടു ഒരു കക്ഷിയുടെ സഹായം വേണമല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): മുനിസിപ്പൽ പ്രസിഡൻറിന്റെ എലക്ഷനല്ല പറഞ്ഞത്. മറ്റുള്ള എലക്ഷനിൽ മുനിസിപ്പൽപ്രസിഡൻറ് കക്ഷിപിടിക്കുന്നുണ്ടെന്നറിയാമൊ?

MR. P. S. MAHOMED (*Nominated*): അവർ എല്ലാ എലക്ഷനിലും കക്ഷിപിടിക്കാറില്ല. എന്ന മാത്രമല്ല അനുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം കക്ഷിപിടിക്കാൻ പാടില്ലെന്ന വ്യവസ്ഥയുമില്ല.

MR. A. THANU PILLAI (*Trivandrum*): മുനിസിപ്പൽ പ്രസിഡൻറന്മാർ മൂന്നുവർഷത്തിൽക്കൂടുതൽ ആ സ്ഥാനത്തിരിക്കാമൊ?

MR. P. S. MAHOMED (*Nominated*): ജനങ്ങൾക്കു സമ്മതമാണെങ്കിൽ മൂന്നുവർഷത്തിൽ കൂടുതൽ ഇരുന്നാലും തരക്കേടില്ല.

MR. A. THANU PILLAI (*Trivandrum*): തിരുവനന്തപുരത്തെപ്പോലെ സക്കാരുദ്യോഗസ്ഥൻ പ്രസിഡൻറായിട്ടു മൂന്നു വർഷത്തിൽ കൂടുതലിരിക്കാമൊ?

MR. P. S. MAHOMED (*Nominated*): ഒരു സ്ഥലത്തും സക്കാരുദ്യോഗസ്ഥന്മാർ മുനിസിപ്പൽ പ്രസിഡൻറന്മാരായിരിക്കാൻ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. കക്ഷിപിടിക്കുന്ന കാര്യത്തെപ്പറ്റിപറയുകയാണെങ്കിൽ ഡാക്ടർമാർ മാത്രമല്ല ചില ജൂഡിഷ്യൽ കോടതികളിലെ ഉദ്യോഗസ്ഥന്മാർപോലും എതിർകക്ഷിക്കു വിപരീതമായി പ്രവർത്തിക്കുന്നതായി എനിക്കറിയാം. അതുകൊണ്ടു എന്റെ സ്നേഹിതൻ മി: കുഞ്ഞുകൃഷ്ണപിള്ള പറഞ്ഞതുപോലെയുള്ള ഒരു ശങ്ക ജനങ്ങളുടെ ഇടയിൽ വന്നാൽ അതു ഒരു തെറ്റല്ല. ഉദ്യോഗസ്ഥന്മാർ എലക്ഷനിൽ കക്ഷിപിടിക്കാൻ പാടില്ലെന്നുള്ള മോഷനിൽ ഇവിടെ എന്നെ ആരും അനുകൂലിക്കയില്ലെന്ന് എനിക്കറിയാം.

MR. A. S. DAMODARAN ASAN (*Mavelikara cum Karlikapalli*): അതാണൊ ഇവിടത്തെ മോഷൻ?

MR. P. S. MAHOMED (*Nominated*): മോഷൻ അതല്ല. എന്നാൽ ഈ സംഗതിക്കുടി ഉടിപ്പിച്ചു പറയുമ്പോൾ എന്നെ ആരുംതന്നെ ഇവിടെ അനുകൂലിക്കയില്ലെന്ന എനിക്കറിയാം. എങ്കിലും അതു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ട ചുമതല എനിക്കുള്ളതുകൊണ്ടു കൊണ്ടുവന്ന എന്നെയുള്ളൂ. ഏതായാലും കഴിയുന്നതും ഈ സംഗതിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു ഡാക്ടർമാരെ സംബന്ധിച്ചിടത്തോളം വേണ്ട നടപടി നടത്താമെന്ന ഉദ്യോഗസ്ഥഭാഗത്തുനിന്നും ഉറപ്പുതരുന്നതുകൊണ്ടു ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : I oppose the withdrawal.

PRESIDENT : The motion before the House is to reduce the allotment of Rs. 88,749 for salaries by Rs. 10 on the ground that no doctor in a hospital should be allowed to remain in a place for more than three years. I put the motion to the vote of the House.

The motion was put to the vote and lost.

The House adjourned for lunch at 2-2 P. M. and met again at 2-45 P. M.

Motion No. 192.

The following motion was deemed to have been not made as the member was absent at the time :—

MR. TARIATU KUNJITOMMAN :

To reduce the allotment of Rs. 1,57,109, for establishment, by Rs. 5.

Motion No. 193.

The following motion was not made:—

MR. P. S. MAHOMED :

To reduce the allotment of Rs. 1,500, for petty construction and repairs by Re. 1

Motion No. 194.

MR. N. K. KRISHNA PILLAI (*Neyyattinkara*) : Sir, I beg to make the following motion :—

To reduce the allotment of Rs. 2,00,000 for purchase of European medicines and surgical instruments, by Re. 1

My object in bringing forward this motion is not to discuss the allotment for medicine but to protest against the manner in which medicine is supplied to patients from the hospitals of the State. Last year, Sir, the allotment for medicine was reduced from what it was in the previous year. At a time when complaints are made that the allotment for medicine is insufficient to meet the demands of the people, the allotment is being reduced. This was the subject of criticism even during the last Budget session. In spite of that, for the coming year also, there is no provision made to meet the increasing demand for medicines. As for the manner in which medicines are supplied to patients, there is a loud complaint. Whenever some medicine worth its name has to be administered to a patient, what our medical officers invariably do is to direct the patient to purchase it from a chemist's shop.

MR. R. NILAKANTA PILLAI (*Financial Secretary to Government*) : Is it because the medicine, in such cases, happens to be very costly ?

MR. N. K. KRISHNA PILLAI (*Neyyattinkara*) : Not that.

There is also the impression gaining ground in the department, that such medicine is not to be supplied to patients at all from the hospitals.

PRESIDENT : I do not quite follow you. You said that, in certain cases, the medicines are not supplied in the hospitals. What drugs are you referring to ?

MR. N. K. KRISHNA PILLAI (*Neyyattinkara*): The medicines prescribed by the doctor.

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): If a doctor directs a patient to *purchase* a medicine from a shop, it might be that the stock of that medicine in the stores has run out.

MR. N. K. KRISHNA PILLAI (*Neyyattinkara*): I have myself had experience. A medical officer told me that there was shortage of medicine in the hospital, and I had to purchase a drug from a shop; and it was a very ordinary drug, not any special drug. My submission is that this growing practice among the medical officers of directing the poor people to go and *buy* drugs which could be supplied from the hospital itself, must be discontinued.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): Is it due to insufficiency of the allotment, or the neglect of the doctors?

MR. N. K. KRISHNA PILLAI (*Neyyattinkara*): In some cases it is due to the insufficiency of the allotment; in other cases it is due to the neglect of doctors. Some medicines of value, it is feared are, kept and utilised by some of the medical officers for their private practice. It is to bring to the attention of Government the growing discontent among the people due to negligence on the part of the medical officers which is fast becoming almost universal, that I bring this motion for the acceptance of the House.

PRESIDENT: I do not think you are in order in one part. You can discuss under this head the lack of allotment; but you cannot refer to the alleged practice of medical officers. The second point is not in order.

MR. A. NARAYANA PILLAI (*Vaikam*): സർ, മി: എൻ. കെ. കൃഷ്ണപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള മോഷനെ ഞാൻ അനുകൂലിക്കുന്നു. ആശുപത്രികളിൽ മരുന്നുകൾ ശരിയായി കിട്ടുന്നില്ലെന്നു ഞാൻ മുമ്പു തന്നെ പറയുകയുണ്ടായല്ലൊ. എന്നാൽ മരുന്നുകളില്ല എന്നു ഡാക്ടർമാർ പറയുന്നതിനു മുഖ്യമായ കാരണമാകത്തക്കവിധത്തിൽ അടുത്തകാലത്തിൽ മരുന്നുകൾക്കായി വച്ചിട്ടുള്ള തുക വളരെ കുറവാണെന്നു പറയാതെതരമില്ല. ൧൯൩൧-ൽ ൨൫ ലക്ഷം രൂപാ ഈ ഇനത്തിനു വച്ചിരുന്നതു് ൧൯൩൨-ൽ ൧൯ ലക്ഷം രൂപായായി കുറച്ചു. അടുത്ത വർഷത്തേയ്ക്കു അതിലും കുറവായ ഒരു തുകയാണു് വച്ചിരിക്കുന്നതു്. ൧൯൩൩-ൽ വ, ൨൨ ൧൯-ം ൧൯൩൨-ൽ വ, ൧൭ ൨൨-ം ൧൯൩൩-ൽ സ, ൨൧ വ-ം രൂപായാണു് ഈ ഇനത്തിലേക്കു നീക്കിവച്ചിരിക്കുന്നതെന്നു ബഡ്ജറ്റുകൊണ്ടു കാണാം.

MR. R. NILAKANTA PILLAI (*Financial Secretary to Government*) അതു മരുന്നുവാങ്ങിക്കാനാണൊ ചേർത്തിട്ടുള്ളതു്?

MR. A. NARAYANA PILLAI (*Vaikam*): Under Medical Stores എന്നാണു കാണുന്നതു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*) അതുയെ കണ്ടോള്ളൂ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI (*Vaikam*): തുക എത്രയാണെന്ന ഫിനാൻഷ്യൽസെക്രട്ടറിതന്നെ പറഞ്ഞാൽകൊള്ളാം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): രണ്ടുലക്ഷംരൂപായുണ്ട്.

MR. A. NARAYANA PILLAI (*Vaikam*): ഏതായാലും മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു ഇക്കൊല്ലത്തേക്കനുവദിച്ചിട്ടുള്ള തുക കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു വളരെ കുറവാണ്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ട്രാവലിംഗ് അലവൻസും ലോക്കൽ അലവൻസും കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു കുറെ കുറച്ചിട്ടുണ്ടെന്നറിയാമൊ?

MR. A. NARAYANA PILLAI (*Vaikam*): കുറെ കുറഞ്ഞിട്ടുണ്ട്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): മരുന്നുവാങ്ങിക്കുന്നതിനുള്ള വകയിൽ കുറച്ചിട്ടുണ്ടൊ?

MR. A. NARAYANA PILLAI (*Vaikam*): കുറെ കുറച്ചിട്ടുണ്ട്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): എത്ര കുറച്ചിട്ടുണ്ട്?

MR. A. NARAYANA PILLAI (*Vaikam*): ൧൫,൦൦൦ രൂപായിൽചിലപ്പാനം ആണെന്നാണു തോന്നുന്നതു്. അതു ശരിയല്ലെങ്കിൽ ഫിനാൻഷ്യൽ സെക്രട്ടറി തിരുത്തുമെന്നു വിശ്വസിക്കുന്നു.

MR. N. K. KRISHNA PILLAI (*Neyyattinkara*): കഴിഞ്ഞകൊല്ലത്തിൽ മരുന്നുകൾക്കും ഇൻസ്ട്രുമെൻറിനും വച്ചിരുന്ന തുകതന്നെ ഇക്കൊല്ലത്തിലും വച്ചിട്ടുണ്ടെന്നറിയാമൊ?

MR. A. NARAYANA PILLAI (*Vaikam*): കഴിഞ്ഞ ആണ്ടത്തെക്കാൾ കുറവാണു്.

ഇപ്പോൾ ആശുപത്രികളിൽ മരുന്നുകൾ ശരിയായി കിട്ടാതെയിരിക്കുന്നതുകൊണ്ടു കൂടുതൽ തുക അനുവദിച്ചു കൂടുതൽ മരുന്നു വാങ്ങിവിതരണം ചെയ്യുകയാണു വേണ്ടതു്. ഈ തത്വം ഗവണ്മെൻറു സ്വീകരിച്ചു മേലാൽഎങ്കിലും മരുന്നിനത്തിലുള്ള തുക കുറയ്ക്കാതിരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി: എൻ. കെ. കൃഷ്ണപിള്ളയുടെ മോഷനെ അനുകൂലിക്കുന്നു.

DR. K. RAMAN TAMPI (*Inspecting Medical Officer*): Sir, is the issue about the insufficiency of the allotment for medicines?

PRESIDENT: The issue, I gather is about the insufficiency of the allotment for medicines.

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): Sir, due to financial stringency we are not able to supply the usual quantity of medicines. But we have provided two lakhs of rupees. We have also been attempting to make some medicines locally. for example, some of the tinctures for which the raw materials are available in plenty here. As far as possible we try to make these tinctures in our local tincture factory. Ginger we get in plenty here ; and we prepare a tincture out of it.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is there any factory for the purpose of making medicines locally?

DR. K. RAMAN TAMPI (*Inspecting Medical Officer*): Yes, we have one factory.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*). Who is working there?

DR. K. RAMAN TAMPI (*Inspecting Medical Officer*): A chemist. The tinctures that we make here cost us very little compared to the price we have to pay to dealers, and we save a good deal in freight charges also. It is on account of the local manufacture of some of the drugs that the allotment for medicines has been reduced.

MR. RAMA VARMA RAJA (*Edavagai*): ലോക്കലായിട്ട് മരുന്നുകൾ ഉണ്ടാക്കുന്നതിനു പ്രൊവിഷൻ ഉണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): മരുന്നുകൾ വാങ്ങിക്കുന്നതിനുള്ള പ്രൊവിഷനിൽതന്നെ അതുണ്ട്.

MR. RAMA VARMA RAJA (*Edavagai*): ൧൯൨൦-ൽ ഈ ഇനത്തിൽ എത്രരൂപാ ചിലവാക്കി?

DR. K. RAMAN TAMPI (*Inspecting Medical Officer*): ൨,൫൦,൦൦൦ രൂപാ ഉണ്ടായിരുന്നു. ഇക്കൊല്ലത്തിൽ അതിൽനിന്നും ൫൦,൦൦൦ രൂപാ കുറയ്ക്കേണ്ടതായിവന്നു.

MR. RAMA VARMA RAJA (*Edavagai*): ൧൯൨൫-ൽ ൨ ലക്ഷം രൂപായായിരുന്നൊ വച്ചിരുന്നതു്?

DR. K. RAMAN TMAPI (*Inspecting Medical Officer*): കഴിഞ്ഞയാണ്ടിൽ ഉണ്ടായിരുന്നതുപോലെ ഈ ആണ്ടിലും വച്ചിട്ടുണ്ടു്.

MR. RAMA VARMA RAJA (*Edavagai*): ൨,൭൪,൯൫൫ രൂപായാണ് ൧൯൨൯-ൽ ചിലവു ചെയ്തതു്. ൧൯൩൦-ൽ അതിൽനിന്നും ൪൪,൯൫൫ രൂപാകുറച്ചു ചിലവുചെയ്തു. ഇതിനും പുറമെ ടിങ്ങ് ചേർസ് ഉണ്ടാക്കാൻകൂടി പ്രൊവിഷനുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ൧൯൩൦-ൽ ൨ ലക്ഷം രൂപാ ഉണ്ടായിരുന്നു; ആ രണ്ടുലക്ഷംരൂപാ തന്നെ ൧൯൩൧-ലേക്കും വച്ചിട്ടുണ്ടു്; അതിൽ ഒട്ടും കുറച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. RAMA VARMA RAJA (*Edavagai*): ഫാമസ്-ൽ എന്തെങ്കിലും ടിങ്ച്ചേർസ് ഉണ്ടാക്കിക്കൊണ്ടിരുന്നോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അപ്പോഥം ഉണ്ടാക്കിക്കൊണ്ടിരുന്നില്ല. ഈ ആണ്ടിലാണ് അതുണ്ടാക്കാൻ തുടങ്ങിയിട്ടുള്ളതു്. അതുകൊണ്ടു കുറെ ലാഭമുണ്ടാകുമെന്നാണ് ഇപ്പോഥം ഉദ്ദേശിക്കുന്നതു്. ഇതിനുംപുറമെ മരുന്നുകൾക്കു് ഒരുവില വയ്ക്കണമെന്നുകൂടി ആലോചിക്കുന്നുണ്ടു്.

MR. RAMA VARMA RAJA (*Edavagai*): ആശുപത്രിയിൽനിന്നും കൊടുക്കുന്ന മരുന്നിനു വിലവയ്ക്കണമെന്നു് ആലോചിക്കുന്നുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): പണമുള്ളവരുടെ പക്കൽനിന്നു മരുന്നിനു വില വാങ്ങിക്കണമെന്നും ആലോചിക്കുന്നുണ്ടു്.

MR. RAMA VARMA RAJA (*Edavagai*): പണമുള്ളവരെയും ഇല്ലാത്തവരെയും എങ്ങനെയാണു നിശ്ചയിക്കുന്നതു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതു ഗവണ്മെൻറുതന്നെ ആലോചിച്ചുവേണ്ട വ്യവസ്ഥ ചെയ്യുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is it with that object that the allotment has been reduced?

